

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വട്ടവട ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA IDK-13/1254/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 10/03/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വട്ടവട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA IDK-13/1254/21 തീയ്യതി: 10/03/2022

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-10-2019 മുതൽ 15-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സി.ആർ. ബീനാകുമാരി	ഡെപ്യൂട്ടി ഡയറക്ടർ	16-12-2021	24-12-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
16-12-2021	24-12-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സണ്ണി എം.യു, ഓഡിറ്റ് ഓഫിസർ
ശ്രീ. എം എസ്. രാജിവ്, ഓഡിറ്റ് ഓഫിസർ
ശ്രീ. ജിബി ഇ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ. മുഹമ്മദ് ഫാസിൽ റ്റി.റ്റി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഡെന്നിസ് ജോസഫ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ പി.രാമരാജ്	പ്രസിഡന്റ്	01-04-2020	10-11-2020
ഭരണ നിർവ്വഹണ കമ്മിറ്റി	സെക്രട്ടറി	11-11-2020	29-12-2020
ശ്രീമതി ഗണപതി അമ്മാൾ	പ്രസിഡന്റ്	30-12-2020	31-03-2021
ശ്രീ ആർ നന്ദകുമാർ	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ടി.യു ഏലിയാസ്	അസി.എഞ്ചിനിയർ	01-04-2019	01-07-2020
ശ്രീ വേണുഗോപാൽ കെ.ജി	അസി.എഞ്ചിനിയർ	02-07-2020	31-03-2021
ഡോ.ആൻ ക്രിസ്റ്റൻ	മെഡിക്കൽ ഓഫീസർ (ആരോഗ്യം)	01-04-2020	13-05-2020
ഡോ.രാഹുൽ സോമൻ	മെഡിക്കൽ ഓഫീസർ (ആരോഗ്യം)	14-05-2020	19-06-2020
ഡോ.പീറ്റർ പ്രിൻസ്	മെഡിക്കൽ ഓഫീസർ (ആരോഗ്യം)	20-06-2020	29-08-2020
ഡോ.അനു സുരേന്ദ്രൻ	മെഡിക്കൽ ഓഫീസർ (ആരോഗ്യം)	30-08-2020	31-03-2021
ഡോ.എം.എസ് നൗഷാദ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2020	14-11-2020
ഡോ.രഹിന വി.കെ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	15-11-2020	31-03-2021
ഡോ.പ്രദീപ് കെആർ	മെഡിക്കൽ ഓഫിസർ(ഹോമിയോ)	01-04-2020	27-01-2021
ഡോ.അഞ്ജു വി.ഷൈനി	മെഡിക്കൽ ഓഫിസർ(ഹോമിയോ)	28-01-2021	31-03-2021
ഡോ.നികേഷ് കിരൺ	വെറ്ററിനറി സർജൻ	01-04-2020	31-03-2021
ശ്രീമതി എം.ബീന	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2020	30-10-2020
ശ്രീമതി രജനി വി.പി	ഐ.സി.ഡി.എസ്	31-10-2020	31-03-2021

	സൂപ്പർവൈസർ		
ശ്രീ സാജു പി.വി	വി.ഇ.ഒ	01-04-2020	30-09-2020
ശ്രീ മാത്യു പി.സി	വി.ഇ.ഒ	01-10-2020	08-10-2020
ശ്രീ കെ രാജേഷ് കുമാർ	വി.ഇ.ഒ	09-10-2020	24-10-2020
ശ്രീ മാത്യു പി.സി	വി.ഇ.ഒ	25-10-2020	01-02-2021
ശ്രീ കെ രാജേഷ് കുമാർ	വി.ഇ.ഒ	02-02-2021	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: T.T. Mohammed Fasil (Senior Grade Auditor, On 22-12-2021) Last Updated By: Sajitha K. (Computer Assistant, On 02-02-2022)	1-1
2	വാർഷിക ധനകാര്യപത്രിക Written By: T.T. Mohammed Fasil (Senior Grade Auditor, On 24-01-2022) Last Updated By: Sajitha K. (Computer Assistant, On 02-02-2022)	1-2
3	ഗ്രാന്റ് വിനിയോഗം Written By: M.U.Sunny (Audit Officer, On 26-12-2021) Last Updated By: VISHNU.P.K (Senior Grade Auditor, On 09-03-2022)	1-3
4	ഗ്രാന്റ് വിനിയോഗത്തിലെ അപാകങ്ങൾ Written By: M.U.Sunny (Audit Officer, On 15-01-2022) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-3-1
5	വ്യക്തമായ രേഖകളുടെ പിൻബലമില്ലാതെ ചെലവാകാതെ അവശേഷിച്ചിരുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം തുക ബാധ്യത ഹെഡിൽ നിന്നും ഒഴിവാക്കി Written By: M.U.Sunny (Audit Officer, On 28-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-3-2
6	പദ്ധതി അവലോകനം Written By: M.U.Sunny (Audit Officer, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-4
7	തൊഴിലുറപ്പ് പദ്ധതി Written By: M.U.Sunny (Audit Officer, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-5
8	ക്ഷേമ പദ്ധതികൾ Written By: M.S.Rajeev (Audit Officer, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-6
9	കാഷ് പരിശോധന Written By: M.U.Sunny (Audit Officer, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 02-02-2022)	1-7
10	ആഭ്യന്തര നിയന്ത്രണം Written By: M.U.Sunny (Audit Officer, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-8
11	വാർഷിക കണക്കുകളിലെ അപാകതകൾ Written By: T.T. Mohammed Fasil (Senior Grade Auditor, On 22-12-2021) Last Updated By: Sajitha K. (Computer Assistant, On 08-02-2022)	1-9
12	ലൈഫ് മിഷൻ - ഭവന പദ്ധതി ചെലവ് പൂർണമായും സുലേഖ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്താതെ ചെലവഴിച്ചു Written By: T.T. Mohammed Fasil (Senior Grade Auditor, On 24-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-10
13	വാടകക്കുടിശിക ഈടാക്കിയില്ല Written By: DENNIS JOSEPH (Auditor, On 26-12-2021) Last Updated By: DENNIS JOSEPH (Auditor, On 10-03-2022)	1-11
14	അനധികൃത നിർമാണങ്ങളുടെ വാർഡ് തിരിച്ചുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല Written By: DENNIS JOSEPH (Auditor, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 26-02-2022)	1-12
15	വട്ടവട മൾട്ടി അമിനിറ്റി ഹബ്ബിലേക്ക് ഫർണിച്ചർ, അനുബന്ധ സാധനങ്ങൾ വാങ്ങൽ- പദ്ധതി നടത്തിപ്പിൽ ഗുരുതര ക്രമക്കേട്, നഷ്ടം ₹787630/- Written By: E.V.Gibi (Asst. Audit Officer, On 27-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-13

16	പഞ്ചായത്ത് ഓഫീസ് മേൽക്കൂരയിൽ സൌരോർജ്ജ പാനൽ സ്ഥാപിക്കൽ- പദ്ധതി പരിപൂർണ്ണ പരാജയം, കരാറുകാരന് ₹309988/- അധികം നൽകിയിരിക്കുന്നു. Written By: E.V.Gibi (Asst. Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-14
17	ഖരമാലിന്യ സംസ്കരണം- പൊതു ഇടങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ- വാങ്ങൽ നടപടിയിലെ അപാകത, നഷ്ടം ₹152760/- Written By: E.V.Gibi (Asst. Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-15
18	ഘടക സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- വാങ്ങിയ കമ്പ്യൂട്ടറിൽ രണ്ടെണ്ണം കാണാനില്ല, നഷ്ടം ₹105266/- Written By: E.V.Gibi (Asst. Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-16
19	വട്ടവട ജി.എൽ.പി.എസ്. സ്മാർട്ട് ക്ലാസ് മുറി- സപ്ലൈ ചെയ്യാത്ത ഇനത്തിന് പണം നൽകി, നഷ്ടം ₹17490/- Written By: E.V.Gibi (Asst. Audit Officer, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-17
20	ഖരമാലിന്യ സംസ്കരണം - വ്യക്തികൾക്കും കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും വിതരണത്തിനായി വാങ്ങിയ 1600 വേസ്റ്റ് ബിന്നുകൾ ഒന്നര വർഷമായി വിതരണം നടത്തിയിട്ടില്ല- ചെലവ് തടസ്സം ₹599760/- Written By: E.V.Gibi (Asst. Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 08-02-2022)	1-18
21	കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല Written By: E.V.Gibi (Asst. Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	1-19
22	വട്ടവട ഖരമാലിന്യ നിർമ്മാർജനം- പദ്ധതി നടത്തിപ്പിൽ വ്യക്തതയില്ല Written By: E.V.Gibi (Asst. Audit Officer, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 26-02-2022)	1-20
23	ആവശ്യമായതിലും അധികനിരക്കിലുള്ള ഇന്റർനെറ്റ് പ്ലാനിന് വരിസംഖ്യ ഒടുക്കുന്നതു മൂലം അധികച്ചെലവ് Written By: M.S.Rajeev (Audit Officer, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 03-02-2022)	1-21
24	ദുരന്ത ലഘൂകരണം -അവലോകനം Written By: M.S.Rajeev (Audit Officer, On 28-12-2021) Last Updated By: Sajitha K. (Computer Assistant, On 26-02-2022)	1-22
ഭാഗം **2**		
1	വാടകക്കുടിശിക ഈടാക്കിയില്ല Written By: DENNIS JOSEPH (Auditor, On 10-03-2022) Last Updated By: DENNIS JOSEPH (Auditor, On 10-03-2022)	2-1
ഭാഗം **3**		
1	വട്ടവട മൾട്ടി അമിനിറ്റി ഹബ്ബിലേക്ക് ഫർണിച്ചർ, അനുബന്ധ സാധനങ്ങൾ വാങ്ങൽ- പദ്ധതി നടത്തിപ്പിൽ ഗുരുതര ക്രമക്കേട്, നഷ്ടം ₹787630/- Written By: E.V.Gibi (Asst. Audit Officer, On 27-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	3-1
2	പഞ്ചായത്ത് ഓഫീസ് മേൽക്കൂരയിൽ സൌരോർജ്ജ പാനൽ സ്ഥാപിക്കൽ- പദ്ധതി പരിപൂർണ്ണ പരാജയം, കരാറുകാരന് ₹309988/- അധികം നൽകിയിരിക്കുന്നു. Written By: E.V.Gibi (Asst. Audit Officer, On 25-12-2021)	3-2

	Last Updated By: Sajitha K. (Computer Assistant, On 07-03-2022)	
3	ഖരമാലിന്യ സംസ്കരണം- പൊതു ഇടങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ- വാങ്ങൽ നടപടിയിലെ അപാകത, നഷ്ടം ₹152760/- Written By: E.V.Gibi (Asst. Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 04-02-2022)	3-3
4	ഘടക സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- വാങ്ങിയ കമ്പ്യൂട്ടറിൽ രണ്ടെണ്ണം കാണാനില്ല, നഷ്ടം ₹105266/- Written By: E.V.Gibi (Asst. Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	3-4
5	വട്ടവട ജി.എൽ.പി.എസ്. സ്മാർട്ട് ക്ലാസ് മുറി- സപ്ലൈ ചെയ്യാത്ത ഇനത്തിന് പണം നൽകി, നഷ്ടം ₹ 17490/- Written By: E.V.Gibi (Asst. Audit Officer, On 26-12-2021) Last Updated By: Sajitha K. (Computer Assistant, On 04-02-2022)	3-5
ഭാഗം **4**		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 04-02-2022)	4-1
2	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 04-02-2022)	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം Written By: M.U.Sunny (Audit Officer, On 04-02-2022) Last Updated By: M.U.Sunny (Audit Officer, On 04-02-2022)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 04-02-2022)	4-4
5	വായ്പ/വായ്പ തിരിച്ചടവ് Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 04-02-2022)	4-5
6	സ്ഥിര നിക്ഷേപം Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 04-02-2022)	4-6
7	ഓഡിറ്റ് റിക്കവറി Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 04-02-2022)	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 08-02-2022)	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: Sajitha K. (Computer Assistant, On 04-02-2022)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: M.U.Sunny (Audit Officer, On 25-12-2021) Last Updated By: DENNIS JOSEPH (Auditor, On 10-03-2022)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: M.U.Sunny (Audit Officer, On 15-01-2022) Last Updated By: Sajitha K. (Computer Assistant, On 07-03-2022)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 28.02.2020 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 27.03.2020 ലെ 1-ാം നമ്പർ തീരുമാന പ്രകാരം കമ്മിറ്റിയിൽ അംഗീകാരം നേടി.

മുന്നിരിപ്പ്	6,13,43,139
വരവ്	26,68,32,909
ചെലവ്	32,37,42,491
മിച്ചം	44,33,557

പരിഷ്കരിച്ച ബജറ്റ് 20.01.2021 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 09.02.2021 ലെ 1-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റ് കമ്മിറ്റിയിൽ അംഗീകാരം നേടി.

മുന്നിരിപ്പ്	6,13,43,139
വരവ്	18,18,68,384
ചെലവ്	22,45,98,872
മിച്ചം	1,86,12,651

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2021	01.06.2021	--	---

1-3 ഗ്രാന്റ് വിനിയോഗം

ഇനം	മുൻബാക്കി	തൻവർഷ വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
വികസനഫണ്ട് – പൊതുവിഭാഗം	--	15087701	15087701	13180379	1907322
വികസനഫണ്ട് – എസ്.സി.പി.	-	2513879	2513879	2493879	20000
വികസനഫണ്ട് – ടി.എസ്.പി.	-	3539284	3539284	2230074	1309210
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്	-	11725000	11725000	10262820	1462180
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	-	1343000	1343000	895274	447726
മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം	-	3492000	3492000	2232124	1259876
ഐ.സി.ഡി.എസ്.	505745	489001	994746	323800	670946
വെസ്റ്റേൺഘട്ട്	508551	24682	533233	12	533221
ശുചിത്വ മിഷൻ	1568946	863857	2432803	1693729	739074

ജലനിധി	1024424	1927028	2951452	2596909	354543
കേരളോത്സവം	20000	0	20000	10000	10000
ലൈഫ് സംസ്ഥാന വിഹിതം	1312333	37824689	39137022	0	39137022
വട്ടവട മാതൃക ഗ്രാമം	2240000	0	2240000	0	2240000
ദുരിതാശ്വാസ നിധി	24013	17000	41013	0	41013

1-3-1 ഗ്രാന്റ് വിനിയോഗത്തിലെ അപാകങ്ങൾ

വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച വേളയിൽ അംഗൻവാടി ഹോണറേറിയം വിഹിതം, ലൈഫ് ലോൺ തിരിച്ചടവ് വിഹിതം എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.
കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ എന്നിവയുടെ സ്രോതസ്സും ഇനം തിരിച്ച് ലഭ്യമല്ല.

1-3-2 വ്യക്തമായ രേഖകളുടെ പിൻബലമില്ലാതെ ചെലവാകാതെ അവശേഷിച്ചിരുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം തുക ബാധ്യത ഹെഡിൽ നിന്നും ഒഴിവാക്കി

ലൈഫ് ഭവന പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2018-19 വർഷം ലഭിച്ച ₹8559024/-യിൽ ₹5197800/-ചെലവഴിക്കുകയും വർഷാവസാനം ₹3361224/-നീക്കിയിരുപ്പായി അവശേഷിക്കുകയും ചെയ്തിരുന്നു. 2019-20 വർഷം വിവിധ തീയതികളിലായി ₹8270580/-യാണ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലൈഫ് ഭവന പദ്ധതിക്കായി ലഭിച്ചിട്ടുള്ളത്. പ്രസ്തുത തുകയിൽ ₹6770580/-SBI Life 8899 നമ്പർ അക്കൗണ്ടിലും ₹1500000/-ട്രഷറി ടി.എസ്.ബി (Joint Venture) അക്കൗണ്ടിലുമാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും ലൈഫ് ഭവന പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ചെക്ക് നം/തീയതി	വി.ഇ.ഒ യ്ക്ക് നൽകിയ തുക(₹)
91437800/05.04.19	2600000
1094618/30.8.19	410000
858840/01.01.20	1800000
0802971/20.3.20	1500000
ആകെ	6310000

31.03.2020 ലെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലുള്ള യഥാർത്ഥ നീക്കിയിരുപ്പ് തുക ₹5321804/-യാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരുപ്പായി കാണിച്ചിരിക്കുന്നത് ₹8621804/-യാണ്. 2020-21 വർഷം ലൈഫ് ഭവന പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമായിട്ടില്ല. 2020-21 വർഷം ലൈഫ് ഭവന പദ്ധതിയ്ക്കായി തുകയൊന്നും വിനിയോഗിച്ചിട്ടുമില്ല. എന്നാൽ 31.03.2021 ൽ വൗച്ചർ നം.42000216 പ്രകാരം ജേർണൽ എൻട്രി മുഖേന ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലുള്ള മുഴുവൻ തുകയും മുൻ വർഷത്തെ ചെലവായി കാണിച്ച് ബാധ്യത ഹെഡിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം നീക്കിയിരുപ്പ് തുക

₹5321804/- ഗ്രാമ പഞ്ചായത്തിന്റെ ബാധ്യത ശീർഷകത്തിൽ നിന്നും ഒഴിവാക്കിയതിന് ആധാരമായ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻകയറി നം.5/22.12.21) മറുപടി നൽകിയിട്ടില്ല. ₹5321804/- ബാധ്യത ശീർഷകത്തിൽ നിന്നും ഒഴിവാക്കിയതു സംബന്ധിച്ച മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-4 പദ്ധതി അവലോകനം

പദ്ധതി നിർവ്വഹണം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
112	168758728	75	42088264	37	66.96

1. ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

ഇനം		അടങ്കൽ തുക ₹	ചെലവ് തുക ₹	ചെലവ് ശതമാനം
വികസന ഫണ്ട്	പൊതു വിഭാഗം	17324332	13180379	76.08
	പട്ടിക ജാതി വിഭാഗം	3239579	2493879	76.98
	പട്ടിക വർഗ്ഗ വിഭാഗം	4109754	2230074	54.26
ധനകാര്യ കമ്മീഷൻ ഗ്രാന്റ്		12373587	10262820	82.94
കേന്ദ്രാവിഷ്കൃത ഫണ്ട്		1822261	586522	100
സംസ്ഥാനാവിഷ്കൃത ഫണ്ട്		25200000	0	0
ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്		19109059	0	0
ജില്ലാ പഞ്ചായത്ത് ഫണ്ട്		23093882	0	0
സംരക്ഷണ ഗ്രാന്റ്	റോഡ്	1343000	895274	66.66
	റോഡിതരം	5040978	2232124	44.27
മറ്റിനം		56102296	10207192	18.19
ആകെ		168758728	42088264	24.93

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ടിന്റെ എണ്ണം	അടങ്കൽ തുക ₹	നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം	ചെലവ് തുക ₹	ചെലവ് ശതമാനം
കൃഷി ഓഫീസർ	1	5272000	0	0	0
വെറ്ററിനറി സർജൻ	2	1250000	0	0	0
മെഡിക്കൽ ഓഫീസർ-പി.എച്ച്.സി.	6	1287978	3	741050	0

മെഡിക്കൽ ഓഫീസർ-ആയുർവ്വേദം	1	100000	1	100000	100
വി.ഇ.ഒ.	4	119670762	4	11703263	9.78
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	5	2388890	4	1546850	64.75
സെക്രട്ടറി ഗ്രാമപഞ്ചായത്ത്	50	22930009	33	17584630	76.58
അസിസ്റ്റന്റ് എൻജിനീയർ	43	15859089	30	10412471	65.65
ആകെ	112	168758728	75	42088264	24.93

എ) ലൈഫ് -സംസ്ഥാന വിഹിതമായി ലഭിച്ച തുകയുടെ ചെലവ് വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ലൈഫ് ഭവന പദ്ധതിയ്ക്കായി സംസ്ഥാന വിഹിതമായി ₹37824689/-തൻവർഷം ലഭിച്ചിരുന്നു. താഴെപ്പറയുന്ന ചെക്കുകൾ പ്രകാരം ₹22980000/-തൻവർഷം ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ചെലവ് വിവരം ഗ്രാമ പഞ്ചായത്തിന്റെ ചെലവു കണക്കുകളിൽ (സുലേഖ സ്റ്റേറ്റ്മെന്റ്) ഉൾപ്പെട്ടിട്ടില്ല.

ക്ര.നം.	ഇനം	വൗച്ചർ നം/ തീയതി	ചെക്ക് നം/ തീയതി	തുക
1	സംസ്ഥാനാവിഷ്കൃത ഫണ്ട്	22000106/01.06.2020	SBI നം.858853/28.05.2020	6180000
2	സംസ്ഥാനാവിഷ്കൃത ഫണ്ട്	22000156/30.06.2020	SBI നം.858856/30.06.2020	5200000
3	സംസ്ഥാനാവിഷ്കൃത ഫണ്ട്	22000193/29.07.2020	SBI നം.858858/29.07.2020	2200000
4	സംസ്ഥാനാവിഷ്കൃത ഫണ്ട്	22000282/26.08.2020	SBI നം.858861/26.08.2020	3000000
5	സംസ്ഥാനാവിഷ്കൃത ഫണ്ട്	22000284/27.08.2020	SBI നം.858863/27.08.2020	5600000
6	സംസ്ഥാനാവിഷ്കൃത ഫണ്ട്	22000315/17.09.2020	SBI നം.858865/17.09.2020	800000
			ആകെ	22980000

1-5 തൊഴിലുറപ്പ് പദ്ധതി

ഫണ്ടിനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
എസ്റ്റാബ്ലിഷ്മെന്റ്	39997	2714790	2754787	1932321	822466
അവിദഗ്ധ തൊഴിലാളികളുടെ കൂലി		52473531	52473531	52473531	

1-6 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക₹	ഗുണഭോക്താക്കളുടെ എണ്ണം
വിധവാ പെൻഷൻ	2525500	170
വാർദ്ധക്യ കാല പെൻഷൻ	5549900	418
വികലാംഗ പെൻഷൻ	715100	54

1-7 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 21.12.2021 -ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹72/- (എഴുപത്തി രണ്ട് രൂപ മാത്രം) യുടെ നീക്കിയിരിപ്പ് കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

1. ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

2. സകർമ്മ സോഫ്റ്റ് വെയറിൽ പ്രസിഡണ്ടിന് പ്രിവിലേജ് നൽകിയിട്ടുണ്ടെങ്കിലും ഉപയോഗിക്കുന്നില്ല.

3. സഞ്ചയ സോഫ്റ്റ്വെയറിൽ വസ്തുനികുതി ഇനത്തിലുള്ള പഞ്ചായത്തിന്റെ യഥാർത്ഥ ഡിമാന്റ് കളക്ഷൻ ബാലൻസുകൾ പ്രതിഫലിക്കുന്നില്ല.

4. ലൈഫ് പദ്ധതിക്ക് വേണ്ടി വായ്പ ലഭിച്ചിട്ടുണ്ടെങ്കിലും, വായ്പ രജിസ്റ്ററിൽ വായ്പയുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. ഗ്രാമപഞ്ചായത്തിൽ ജീവനക്കാരുടെ ജോലി വിഭജനം നിർണ്ണയിച്ച് ഉത്തരവ് പുറപ്പടുവിച്ചിട്ടുണ്ടെങ്കിലും ആയത് പ്രകാരം ജോലി നിർവ്വഹണം നടത്തുന്നുണ്ടോയെന്ന നിരീക്ഷണം ഉത്തരവാദിത്തപ്പെട്ട മേലുദ്യോഗസ്ഥരിൽ നിന്നും ഉണ്ടാകുന്നതായി ലഭ്യമായ രേഖകളിൽ നിന്നും രജിസ്റ്ററുകളിൽ നിന്നും വ്യക്തമല്ല.

6. ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടിംഗ് കാര്യക്ഷമമായി നടക്കുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ പരാമർശിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 1-11 ശ്രദ്ധിക്കുക.

എ). സംയുക്ത പദ്ധതികൾക്കുള്ള ധനസഹായം നിക്ഷേപിക്കുന്നതിന് ദേവികുളം സബ് ട്രഷറിയിൽ 799012700000964 നമ്പരായി അക്കൗണ്ട് ഉണ്ടെങ്കിലും ധനവിനിമയം ഈ അക്കൗണ്ടിൽ കൂടി നടത്തുന്നില്ല.

ബി) ലൈഫ് ഭവന പദ്ധതി സംസ്ഥാന വിഹിതം നീക്കിയിരുപ്പ് തുക ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂൾ പ്രകാരം₹39137022/-യാണെങ്കിലും ₹6921705/- (ഷെഡ്യൂൾ-ആർ.പി-40ബി) മാത്രമാണ് ഭൗതികമായി ഉള്ളത്.

സി) കേന്ദ്രാവിഷ്കൃത ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട്, എന്നിവയുടെ യഥാർത്ഥ ചെലവുകൾ സുലേഖാ സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ അലോട്ട്മെന്റിന് ഓൺലൈൻ റിക്വസ്റ്റ് നൽകുകയും ഗ്രാമപഞ്ചായത്തിൽ നിന്നും അലോട്ട്മെന്റ് നൽകുകയും ചെയ്യുന്നു. തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓൺലൈൻ മുഖേന ഗ്രാമപഞ്ചായത്തിന് ബിൽ സമർപ്പിക്കുകയും അക്കൗണ്ട് സെക്ഷനിൽ നിന്ന് വൗച്ചർ നമ്പർ നൽകി ബിൽ അപ്രൂവ് ചെയ്യാത്തതിനാലുമാണ് മേൽ പറഞ്ഞ അപാകത സംഭവിച്ചിരിക്കുന്നത്. ലൈഫ് ഭവന പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ₹ 5321804/-യുടെ ചെലവുണ്ടെങ്കിലും വ്യക്തമായ രേഖകളുടെ

പിൻബലമില്ലാതെ മുൻകാല ചെലവായി രേഖപ്പെടുത്തി പ്രസ്തുത തുക ബാധ്യത ശീർഷകത്തിൽ നിന്നും എഴുതി തള്ളിയിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയും സെക്രട്ടറിയും ഇക്കാര്യത്തിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

8. പട്ടികജാതി, പട്ടികവർഗ്ഗ പദ്ധതികൾ നടപ്പാക്കേണ്ട അസി.സെക്രട്ടറിക്ക് തൻവർഷം പദ്ധതി നിർവ്വഹണ ചുമതല നൽകിയിട്ടില്ല.

9. സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. കോവിഡ് രോഗ ബാധയുടെ പ്രതിരോധ, പരിരക്ഷാ പ്രവർത്തനങ്ങൾക്കായി വാങ്ങിയിട്ടുള്ള സാധന സാമഗ്രികൾ സ്റ്റോക്ക് എൻട്രി വരുത്തിയിട്ടില്ല.

10. പദ്ധതി നർവ്വഹണത്തിൽ ഗുരുതരമായ അപാകതകൾ ഉണ്ടായിട്ടുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വാങ്ങിയിട്ടുള്ള സാധന സാമഗ്രികളുടെ വിതരണ രേഖകൾ കൃത്യമായി പരിപാലിച്ചിട്ടില്ല. പല പർച്ചേസുകൾക്കും മുൻകൂറായി തുക അനുവദിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെയാണ് പല പർച്ചേസുകളും നടത്തിയിട്ടുള്ളത്.

11. വാർഷിക കണക്കുകളിലെ വിവിധ നികുതി-നികുതിയിതര വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളെ സാധൂകരിക്കുന്ന ഡി.സി.ബി, കുടിശിക ഡി.സി.ബി രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്തിൽ കൃത്യമായി പരിപാലിക്കുന്നില്ല. ഉദാ: ആംബുലൻസ് വരവ്, വിവരാവകാശം, വാട്ടർ കണക്ഷൻ ചാർജ് കളക്ഷൻ/ ഡി.സി.ബി, കുടിശിക ഡി.സി.ബി രജിസ്റ്ററുകളിൽ വർഷാവസാനം സാമ്പത്തിക വർഷത്തെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങളുടെ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡി.സി.ബിയുടെ ആധികാരികത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. ഉദാ: തൊഴിൽ നികുതി, ലൈസൻസ് രജിസ്റ്റർ, വസ്തു നികുതി.

12. ആസ്തികളുടെ ക്രോഡീകരണം, മൂല്യനിർണ്ണയം എന്നിവ പൂർത്തിയാക്കി ധനകാര്യ പത്രികയുമായി സംയോജിപ്പിച്ചിട്ടില്ല.

13. ക്രയവിക്രയങ്ങളില്ലാതെ താഴെ പരാമർശിക്കുന്ന നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല

ക്രമനം	ബാങ്ക്	അക്കൗണ്ട് കോഡ് നമ്പർ	31.03.2021 ലെ അവശേഷിപ്പ് തുക ₹
1	യൂണിയൻ ബാങ്ക്	13187	1676
2	എസ്.സി.ബി	02	379
3	എസ്.സി.ബി	234	107
4	ഐ.ഡി.സി.ബി	206	468

1-9 വാർഷിക കണക്കുകളിലെ അപാകതകൾ

കുടിശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-10 ലൈഫ് മിഷൻ - ഭവന പദ്ധതി ചെലവ് പൂർണമായും സുലേഖ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്താതെ ചെലവഴിച്ചു

ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷങ്ങളിൽ ലൈഫ് മിഷൻ ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.നം	പ്രോ.നം	ഇനം	വിഭാഗം	മുഖ്യ മേഖല	പ്രോ.പേര്	വികസന ഫണ്ട്			സംസ്ഥാനാ വിഷ്കൃത ഫണ്ട്	മറ്റ് ബ്ലോക്ക് പ	മറ്റ് ജില്ലാ പ	മറ്റുള്ളവ	മൊത്തം
						പൊതുവി. സാധാ.	എസ്.സി.പി	ടി.എസ്.പി					
1	23	New	പൊതു വിഭാഗം	സേവനം	ലൈഫ് മിഷൻ – ജനറൽ	640380 640380	0 0	0 0	11700000 0	3860000 0	5000000 0	25740000 7220000	46940380 7860380
2	24	New	പട്ടിക വർഗം	സേവനം	ലൈഫ് മിഷൻ – ടി.എസ്.പി	0 0	0 0	530941 530941	9100000 0	11649059 0	13300000 0	20020000 2612569	54600000 3143510
3	25	New	പട്ടികജാതി	സേവനം	ലൈഫ് മിഷൻ – എസ്.സി.പി	0 0	1006500 649371	0 0	4400000 0	1000000 0	1993882 0	9680000 0	18080382 649371

മേൽ പ്രോജക്ടുകളിൽ സാംഖ്യ സോഫ്റ്റ്വെയർ മുഖേന മാറിയ ബില്ലുകൾ സുലേഖ സോഫ്റ്റ്വെയറിൽ ഉൾപ്പെട്ടിട്ടുണ്ട്. സാംഖ്യാ ബില്ലുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്ര.നം	പ്രോ.നം & പേര്	സാംഖ്യ ബിൽ നം	തീയതി	തുക (₹)
1	23/21 : ലൈഫ് മിഷൻ - ജനറൽ	നം.88	തീ. 10.02.2021	7220000
		നം.20100352011001440208	തീ. 30.03.2021	640380
			ആകെ	7860380
2	24/21 : ലൈഫ് മിഷൻ - ടി.എസ്.പി	നം.20100352011000304064	തീ. 29.06.2020	420000
		നം.20100352011001069432	തീ. 01.10.2020	110941
		നം.89	തീ. 10.02.2021	1452569
		നം.143	തീ. 30.03.2021	1160000
			ആകെ	3143510
3	25/21 : ലൈഫ് മിഷൻ - എസ്.സി.പി	നം.20100352011001069431	തീ. 10.02.2021	440000
		നം.20100352011001159446	തീ. 26.02.2021	120000
		നം.20100352011601114402 11	തീ. 30.03.2021	89373
			ആകെ	649373

മാന്വൽ റിക്വസിഷൻ മുഖേന തുക മാറിയതിനാൽ പൂർണമായും സുലേഖ പ്ലാൻ സോഫ്റ്റ്വെയറിൽ ഉൾപ്പെട്ടിട്ടില്ല. ഇതിനാൽ പദ്ധതിയുടെ പൂർത്തീകരണവും, പുരോഗതിയും അറിയാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. സാംഖ്യ മുഖേന റിക്വസിഷൻ നൽകാതെ മാറിയ തുകയുടെ (തനത് ഫണ്ട് - മാന്വൽ ബില്ല് രജിസ്റ്റർ പ്രകാരം) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.നം	ഇനം	വൗച്ചർ നം/ തീയതി	ചെക്ക് നം/ തീയതി	തുക
1	സംസ്ഥാനാവിഷ്കൃത ഫണ്ട്	22000106/01.06.2020	SBI നം.858853/28.05.2020	6180000
2	സംസ്ഥാനാവിഷ്കൃത ഫണ്ട്	22000156/30.06.2020	SBI നം.858856/30.06.2020	5200000
3	സംസ്ഥാനാവിഷ്കൃത ഫണ്ട്	22000193/29.07.2020	SBI നം.858858/29.07.2020	2200000
4	സംസ്ഥാനാവിഷ്കൃത ഫണ്ട്	22000282/26.08.2020	SBI നം.858861/26.08.2020	3000000
5	സംസ്ഥാനാവിഷ്കൃത ഫണ്ട്	22000284/27.08.2020	SBI നം.858863/27.08.2020	5600000
6	സംസ്ഥാനാവിഷ്കൃത ഫണ്ട്	22000315/17.09.2020	SBI നം.858865/17.09.2020	800000
			ആകെ	22980000
7	ഹഡ്കോ ലോൺ	22000105/01.06.2020	SBI നം.858854/28.05.2020	2060000
8	ഹഡ്കോ ലോൺ	22000113/01.06.2020	SBI നം.858855/01.06.2020	1920000
9	ഹഡ്കോ ലോൺ	22000192/29.07.2020	SBI നം.858857/29.07.2020	1920000
10	ഹഡ്കോ ലോൺ	22000195/29.07.2020	SBI നം.858859/29.07.2020	2720000
11	ഹഡ്കോ ലോൺ	22000281/26.08.2020	SBI നം.858860/26.08.2020	1760000
12	ഹഡ്കോ ലോൺ	22000283/27.08.2020	SBI നം.858862/27.08.2020	480000
13	ഹഡ്കോ ലോൺ	22000285/27.08.2020	SBI നം.858864/27.08.2020	480000
14	ഹഡ്കോ ലോൺ	22000315/17.09.2020	SBI നം.858866/17.09.2020	3690000
15	ഹഡ്കോ ലോൺ	22000436/24.11.2020	SBI നം.858867/24.11.2020	9780000
16	ഹഡ്കോ ലോൺ	22000584/12.02.2021	SBI നം.858868/12.02.2021	7220000
17	ഹഡ്കോ ലോൺ	22000585/12.02.2021	SBI നം.858869/12.02.2021	1452569
			ആകെ	33482569

സംക്ഷിപ്തം

ഇനം	തുക
സംസ്ഥാനാവിഷ്കൃത ഫണ്ട്	22980000
ഹഡ്കോ ലോൺ വിഹിതം	33482569

മേൽ തുകകൾ ഏത് പ്രോജക്ടുകളിലായാണ് ചെലവഴിച്ചത് എന്നത് വിശദീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻകൃയറി 15/23.12.2021 ന് മറുപടി ലഭ്യമാക്കിയില്ല.

1-11 വാടകക്കുടിശിക ഈടാക്കിയില്ല

എ) വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോപ്ലക്സിലെ താഴെപ്പറയുന്ന മുറിയുടെ വാടകക്കുടിശിക ഈടാക്കിയിട്ടില്ലെന്ന കണ്ടെത്തി .

ക്രമ നം	കെട്ടിട നമ്പർ	വാടക്കാരന്റെ പേര്	പ്രതിമാസം ഇടാക്കേണ്ട വാടക	തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി	റിമാർക്സ്
1.	7/227	ഹോർട്ടികോർപ് സബ്സെന്റർ	5000	06/2020 മുതൽ 3/2021 വരെ	കോവിഡ് കാരണം 04/20, 05/20 ലെ വാടക സർക്കാർ ഇളവ് ചെയ്തു

പ്രസ്തുത വാടകക്കാരനുമായി നിയമ സാധുതയുള്ള കരാറിൽ ഏർപ്പെട്ടിട്ടില്ല. കുടിശിക ₹ 50000/- (5000x10), GST, പ്രളയസെസ് എന്നിവ സഹിതം ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

ബി) 2019-20ൽ വാടകക്ക് നൽകിയ താഴെക്കൊടുത്തിരിക്കുന്ന മുറികളുടെ വാടക 2020-21 ൽ പുതുക്കി നൽകുമ്പോൾ ഈടാക്കേണ്ട വർദ്ധന താഴെപ്പറയുന്ന വാടകക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല.

ക്രമ നം	കെട്ടിട നമ്പർ	വാടക്കാരന്റെ പേര്	2019-20ൽ ഇടാക്കിയ വാടകത്തുക	വാർഷിക വർദ്ധനയുൾപ്പെടെ ഈടാക്കേണ്ട തുക	ഈടാക്കിയ തുക	ഈടാക്കുന്നതിൽ കുറവ് വന്ന തുക	തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി	റിമാർക്സ്
1.	7/225	മാനേജർ, ഐ.ഡി.സി.ബി	10000	10500	10000	500	06/2020 മുതൽ 3/2021 വരെ	കോവിഡ് കാരണം 04/20, 05/20 ലെ വാടക സർക്കാർ ഇളവ് ചെയ്തു
2.	7/227	വട്ടവട ശീതകാല പച്ചക്കറി വിപണന കർഷക സംഘം.	3400	3570	3400	170	06/2020 മുതൽ 3/2021 വരെ	കോവിഡ് കാരണം 04/20, 05/20 ലെ വാടക സർക്കാർ ഇളവ് ചെയ്തു
					ആകെ	6700 (670 X 10)		

ഈടാക്കുവാൻ അവശേഷിക്കുന്ന വാടകക്കുടിശിക 50000/- രൂപയും, വർദ്ധനയിലുള്ള കുടിശിക 6700/- രൂപയും ഉൾപ്പെടെ 56700/- രൂപ GST, പ്രളയസെസ് എന്നിവ സഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകുയറി (5, 22/12/2021)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12 അനധികൃത നിർമാണങ്ങളുടെ വാർഡ് തിരിച്ചുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 എഎ.(4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവേ നമ്പർ, വസ്തു ഉടമയുടെ പേരുവിവരങ്ങൾ, കെട്ടിടത്തിന് നൽകപ്പെട്ട പ്രത്യേക നമ്പർ, കെട്ടിടത്തിന് ചുമത്തിയതും ഈടാക്കിയതുമായ വസ്തുനികുതിയുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്ററുകൾ വാർഡുകൾ തിരിച്ച് പരിപാലിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്ററുകൾ നിലവിൽ സൂക്ഷിക്കുന്നില്ലാത്തതിനാൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലാത്തതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട വസ്തുവിന്റെ വാർഡുകൾ തിരിച്ചുള്ള പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. സഞ്ചയ പ്ലാറ്റ്ഫോമിലും ഇതു സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എഎ. ഉപവകുപ്പ്(1) പ്രകാരമുള്ള വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 വട്ടവട മൾട്ടി അമിനിറ്റി ഹബ്ബിലേക്ക് ഫർണിച്ചർ, അനുബന്ധ സാധനങ്ങൾ വാങ്ങൽ-പദ്ധതി നടത്തിപ്പിൽ ഗുരുതര ക്രമക്കേട്, നഷ്ടം ₹787630/-

* ഇ-ടെണ്ടർ നടപടി ഒഴിവാക്കുന്നതിന് വേണ്ടി രണ്ട് പദ്ധതികളിലായി വാങ്ങൽ നടത്തി.

* ആവശ്യമായ ടെണ്ടറുകൾ ലഭിച്ചിട്ടും അകാരണമായി ടെണ്ടർ റദ്ദ് ചെയ്ത് റീ -ടെണ്ടർ നടത്തിയിരിക്കുന്നു.

* ടെണ്ടർ അംഗീകരിച്ചതായി കമ്മറ്റി തീരുമാനം വ്യാജമായി ഉണ്ടാക്കിയിരിക്കുന്നു.

* ടെണ്ടർ അംഗീകരിച്ച സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

* ടെണ്ടർ തുകയേക്കാൾ അധികരിച്ച തുക കരാറുകാരന് നൽകിയിരിക്കുന്നു.

* ബിൽ പ്രകാരമുള്ള സാധനങ്ങളിൽ പലതും സപ്ലൈ ചെയ്തിട്ടില്ല.

* ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള വിലയേക്കാൾ വളരെ കുറഞ്ഞ എം.ആർ.പി. ഉള്ള സാധനങ്ങൾ പലതും സപ്ലൈ ചെയ്തതായി ഭൌതിക പരിശോധനയിൽ കണ്ടെത്തി.

* പർച്ചേസ് കമ്മിറ്റിയില്ലാത്തതിനാൽ വാങ്ങൽ നടപടിയിൽ സുതാര്യതയില്ല.

* വാങ്ങൽ നടപടിയിലെ അപാകത മൂലം പദ്ധതി ലക്ഷ്യം കണ്ടില്ല.

* ലഭിച്ച സാധനങ്ങൾ സ്റ്റോക്കിൽ രേഖപ്പെടുത്തി വിതരണം നടത്തുന്നില്ല.

* സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് മുമ്പ് കരാറുകാരന് പണം മുൻകൂറായി നൽകുന്നു.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	73/21, (45/19) വട്ടവട മൾട്ടി അമിനിറ്റി ഹബ്ബിലേക്ക് ഫർണിച്ചർ, അനുബന്ധ സാധനങ്ങൾ	88/21, (149/19) വട്ടവട മൾട്ടി അമിനിറ്റി ഹബ്ബ് പ്രവർത്തന സജ്ജമാക്കൽ
അടങ്കൽ	₹490000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)	₹450000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
നിർവ്വഹണം	സെക്രട്ടറി	സെക്രട്ടറി
ചെലവ്	₹490000/-	₹450000/-
ബിൽ നം. / തീയതി /തുക	20100352015800418917/11.04.2020/ ₹ 490000/-	20100352015800056601/11.04.2020/ ₹450000/-

ആയുർവ്വേദ സുഖചികിത്സാ സമ്പ്രദായത്തിന്റെ ഗുണങ്ങൾ സ്വദേശികളും വിദേശികളുമായ വിനോദ സഞ്ചാരികളിലേക്ക് എത്തിക്കുന്നതിന് ലക്ഷ്യമിട്ട് 2016-17, 2017-18 വർഷങ്ങളിൽ ഏകദേശം 1.5 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിച്ചിട്ടുള്ള മൾട്ടി അമിനിറ്റി ഹബ്ബിൽ പദ്ധതി വിഭാവനം ചെയ്ത യാതൊരു പ്രവൃത്തിയും നടക്കുന്നില്ല. നിലവിൽ താഴെ നിലയിൽ രണ്ട് മുറിയിൽ ആയുർവ്വേദ ആശുപത്രിയും മറ്റ് രണ്ട് മുറികളിൽ ഒന്ന് പോലീസ് എയ്ഡ് പോസ്റ്റിനും മറ്റൊന്ന് 108 ആംബുലൻസ് ജീവനക്കാർക്കും സൌജന്യമായി നൽകിയിരിക്കുന്നു. ശേഷിക്കുന്ന ഒന്നാം നിലയിലെ അഞ്ച് മുറികൾ റിസോർട്ട് നടത്തുന്നതിന് വാടകയ്ക്ക് നൽകുന്നതിനായി ഫർണിച്ചറും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച പ്രകാരം രണ്ട് പദ്ധതികൾ ഏറ്റെടുത്തിരുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകളും ആയവയ്ക്ക് 22.12.2021 നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സെക്രട്ടറി നൽകിയ മറുപടിയും ചുവടെ ചേർക്കുന്നു.

ഇ-ടെണ്ടർ നടപടിയിൽ നിന്നും ഒഴിവാക്കുന്നതിനായി ഒരേ ആവശ്യത്തിനുള്ള രണ്ട് പദ്ധതികൾ യഥാക്രമം ₹490000/-, ₹450000/- എന്നിങ്ങനെ അഞ്ച് ലക്ഷത്തിൽ താഴെ അടങ്കൽ തുക നിലനിർത്തി വാങ്ങൽ നടത്തിയിരിക്കുന്നു. പദ്ധതി അന്തിമ രൂപം നൽകിയതിന് ശേഷം ഫണ്ട് ബാക്കി ഉണ്ടായതിനാലാണ് രണ്ടാമത് ഒരു പ്രോജക്ട് കൂടി ഏറ്റെടുത്തത് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ഫണ്ട് അധികമായി ലഭിച്ചപ്പോൾ നിലവിലെ പ്രോജക്ടിൽ അടങ്കൽ തുക വർദ്ധിപ്പിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. പകരം പുതിയ പ്രോജക്ട് എടുത്തു എന്ന മറുപടി അംഗീകരിക്കാവുന്നതല്ല.

29.01.2020 തീയതിയിലെ ടെണ്ടർ നോട്ടീസ് പ്രകാരം നടത്തിയ ടെണ്ടർ അകാരണമായി റദ്ദ് ചെയ്ത് റീടെണ്ടർ നടത്തിയിരിക്കുന്നു. നാല് പേർ ടെണ്ടർ സമർപ്പിച്ചിരുന്നു. ടെണ്ടറിൽ പങ്കെടുത്ത ശ്രീ. അരുൺ വി. എന്ന വ്യക്തി ടെണ്ടർ നടപടിക്രമങ്ങൾ സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ച സാഹചര്യത്തിൽ റീ-ടെണ്ടർ നടത്തുവാൻ തീരുമാനിച്ചു എന്ന 12.02.2020 ലെ 2(2) പഞ്ചായത്ത് കമ്മിറ്റി തീരുമാനം കാണുന്നു. എന്നാൽ ടെണ്ടർ സംബന്ധിച്ച എന്ത് അപാകതയാണ് സംഭവിച്ചത് എന്ന് വ്യക്തമാക്കുന്ന കുറിപ്പോ ഇത് സംബന്ധിച്ച ടി വ്യക്തിയുടെ പരാതിയോ ഫയലിൽ ഇല്ല. ഇത് സംബന്ധിച്ച് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

25.02.2020 ലെ 2(5) പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ടെണ്ടറുകൾ അംഗീകരിച്ചതായി കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ദിവസത്തെ കമ്മിറ്റിയിൽ 2(5) നമ്പർ തീരുമാനം ഇല്ല. ഇത് സംബന്ധിച്ച് സെക്രട്ടറി നൽകിയ മറുപടിയിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നിരവധി തവണ 5 ദിവസം മുതൽ 13 ദിവസം വരെ തുടർച്ചയായി വൈദ്യുതി ഇല്ലാത്ത സാഹചര്യം ഉണ്ടായിരുന്നു എന്നും ടി സമയത്ത് ഇന്റർനെറ്റ് സംവിധാനങ്ങളും ലഭ്യമാവുകയുണ്ടായില്ല. പ്രസ്തുത സമയത്ത് കമ്പ്യൂട്ടറിൽ മിനിറ്റ്സ് രേഖപ്പെടുത്തിയാലും ആയത് സകർമയിലേക്ക് പകർത്തുവാൻ കഴിയുമായിരുന്നില്ല. തുടർന്ന് ഇന്റർനെറ്റ് ലഭ്യമായ സമയത്ത് മിനിറ്റ്സ് അടിയന്തരമായി ക്ലോസ് ചെയ്യേണ്ടിവരികയും ഈ തീരുമാനം ഉൾപ്പെടുത്തുവാൻ കഴിഞ്ഞതുമില്ല. തുടർന്ന് ബഹുമാനപ്പെട്ട പഞ്ചായത്ത് ഡയറക്ടർക്കും ഐ.കെ.എം. അധികാരികൾക്കും കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാലാണ് ടി തീരുമാനം സകർമ്മ സോഫ്റ്റ് വെയറിൽ ലഭിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ 12.10.2020 ൽ ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയിട്ടുള്ള കത്തിന്റെ പകർപ്പും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 25.02.2020 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ 13 അജണ്ടകളിലായി 25 തീരുമാനങ്ങൾ കൃത്യമായി സകർമ്മ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി കമ്മിറ്റി ക്ലോസ് ചെയ്തിട്ടുണ്ട്. ഇതിന്റെ ഇടയിലുള്ള 2(5) തീരുമാനം മാത്രം ഉൾപ്പെടുത്തുവാൻ വൈദ്യുതിയും ഇന്റർനെറ്റും ഇല്ലായിരുന്നു എന്ന മറുപടി യുക്തിസഹമല്ലാത്തതിനാൽ അംഗീകരിക്കുവാൻ കഴിയില്ല. മേൽകാരണങ്ങൾ പറഞ്ഞ് പഞ്ചായത്ത് ഡയറക്ടറെ തെറ്റിദ്ധരിപ്പിച്ച് തീരുമാനം പിന്നീട് ഉൾപ്പെടുത്തുവാനുള്ള ശ്രമമാണ് നടത്തുന്നത് എന്ന് സംശയിക്കേണ്ടിരിക്കുന്നു.

ടെണ്ടർ ക്ഷണിച്ചതിൽ (45/19) വട്ടവട മൾട്ടി അമിനിറ്റി ഹബ്ബിലേക്ക് ഫർണിച്ചർ, അനുബന്ധ സാധനങ്ങൾ, (149/19) വട്ടവട മൾട്ടി അമിനിറ്റി ഹബ്ബ് പ്രവർത്തന സജ്ജമാക്കൽ എന്നിവ യഥാക്രമം ₹464130/-, ₹338300/- എന്നിങ്ങനെ ടെണ്ടർ ഉറപ്പിച്ച് നൽകിയിരുന്നതാണ്. എന്നാൽ തുക നൽകിയപ്പോൾ രണ്ട് പദ്ധതികളുടെയും അടങ്കൽ തുക യഥാക്രമം ₹490000/- ₹450000/- എന്നിങ്ങനെ കരാറുകാരന് അനുവദിച്ചു നൽകി. ഇതിനാൽ കരാറുകാരന് ആകെ ₹137570/- (111700+25870) അധികമായി നൽകിയിട്ടുണ്ട്. ടി തുക തിരികെ പഞ്ചായത്തിൽ ഒടുക്കണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടറി 13.10.2020 ൽ കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ അടിസ്ഥാനത്തിൽ ടി തുക കരാറുകാരൻ ട്രഷറിയിൽ ഒടുക്കിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കുകയും ട്രഷറി ചെലാൻ പകർപ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ചെലാൻ പകർപ്പ് ട്രഷറിയിൽ നിന്നും പണം ഒടുക്കിയതിന് ശേഷം ലഭിക്കുന്ന ചെലാന്റെ മാതൃകയിൽ അല്ലാത്തതിനാൽ തുക ഒടുക്കിയത് സംബന്ധിച്ച് ട്രഷറിയിൽ നിന്നും സാക്ഷ്യപത്രം വാങ്ങി സമർപ്പിക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നത് വരെ ടി തുക നഷ്ടമായി കണക്കാക്കുന്നതാണ്. ട്രഷറിയിൽ നിന്നും സാക്ഷ്യപത്രം അടിയന്തരമായി ലഭ്യമാക്കിയില്ലെങ്കിൽ തുക സെക്രട്ടറിയിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

രണ്ട് പദ്ധതികളിലായി ജെ.ജെ.ഗ്രൂപ്പിന്റെ 27.03.2020 ലെ ഇൻവോയ്സ് നം. യഥാക്രമം DD-TI-36 ₹490000/- & DD-TI-36 ₹ 450000/- എന്നിങ്ങനെ ആകെ ₹940000/- യുടെ സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് 22.12.2021 പഞ്ചായത്ത് ജീവനക്കാരന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൌതിക പരിശോധനയുടെ വിവരം ചുവടെ ചേർക്കുന്നു.

മൾട്ടി അമിനിറ്റി ഹബ്ബിലേക്ക് വാങ്ങിയ സാധനങ്ങളിൽ ഒരു സെറ്റ് സോഫ മാത്രമാണ് അവിടെ സൂക്ഷിച്ചിട്ടുള്ളത്. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ഏതാനും ഇനങ്ങൾ മാത്രം സൂക്ഷിച്ചിട്ടുണ്ട്. ആകെ കണ്ടെത്തുവാൻ കഴിഞ്ഞ ഇനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

എ)

ക്രമ നം.	ഇനം	വില (നികുതി ഉൾപ്പെടെ) (₹)	ഇൻവോയ്സ് പ്രകാരമുള്ള എണ്ണം	ഭൌതിക പരിശോധനയിൽ കണ്ടെത്തിയ	കുറവുള്ള എണ്ണം	നഷ്ടതുക (₹)

				എണ്ണം		
1	Television 32 Inch	24360	7	5	2	48720
2	Family Cot Bed	8732	2	0	2	17464
3	Bed Double Cot	8732	6	6	0	0
4	Bed Double Ducker Cot	9400	12	5	7	65800
5	Bed Sheet	840	20	7	13	10920
6	Kambily Good	1881.60	40	0	40	75264
7	Kambily Ordinary	1444.80	25	0	25	36120
8	Curtain Window	1531.64	55	0	55	84240
9	Mat	1207.48	25	0	25	30187
10	Solar Water Heater (1000 Ltr)	89250	2	0	2	178500
11	Table	8176	1	0	1	8176
12	Chair Plastic	649	5	0	5	3245
13	Alamara	12320	8	8	0	0
14	Sofa Set	27494	3	1	2	54988
15	Bucket	236	30	7	23	5428
16	Mug	106.20	30	5	25	2655
	ആകെ					621707

ഭൌതിക പരിശോധനാവേളയിൽ കണ്ടെത്തിയ താഴെ പറയുന്ന ഇനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന എം.ആർ.പി. (പരമാവധി വില) ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്ന വിലയേക്കാൾ വളരെ കുറവാണ്. ലഭ്യമാക്കിയ സാധനങ്ങൾ വളരെ ഗുണനിലവാരം കുറഞ്ഞവയാണെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇപ്രകാരം കുറഞ്ഞ എം.ആർ.പി. യുള്ള സാധനങ്ങൾ ലഭ്യമാക്കിയതിനാൽ താഴെ പറയുന്ന നഷ്ടം ഉണ്ടായിരിക്കുന്നു.

ബി)

ക്രമ നം.	ഇനം	വില (നികുതി ഉൾപ്പെടെ) (₹)	രേഖപ്പെടുത്തിയിട്ടുള്ള MRP	വ്യത്യാസം (₹)	ഇൻവോയ്സ് പ്രകാരമുള്ള എണ്ണം	ഭൌതിക പരിശോധനയിൽ കണ്ട എണ്ണം	കുറവുള്ള എണ്ണം	MRP യിൽ അധികരിച്ച തുക നൽകിയതിൽ നഷ്ടം (₹) (5*7)
1	2	3	4	5	6	7	8	10
1	Television 32 Inch	24360	19900	4460	7	5	2	22300
5	Bed Sheet	840	160	680	20	7	13	4760
15	Bucket	236	110	126	30	7	23	882
16	Mug	106.20	24	82.20	30	5	25	411
	ആകെ							28353

സാധനങ്ങൾ ലഭിച്ചതായോ വിതരണം ചെയ്തതായോ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ലാത്ത

സാഹചര്യത്തിൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളതിൽ കൂടുതൽ സാധനങ്ങൾ ലഭിച്ചു എന്ന് കരുതുവാൻ കഴിയില്ല. ആയതിനാൽ സപ്ലൈ ചെയ്യാത്ത മുകളിൽ പറഞ്ഞ ഇനങ്ങൾക്ക് (പട്ടിക എ&ബി) പണം കൊടുത്ത വകയിൽ പഞ്ചായത്തിന് ₹650060/- (₹621707+₹28353) യുടെ നഷ്ടം ഉണ്ടായിരിക്കുന്നു. ആയത് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് -19 കാലത്ത് ഡി.സി.സി. ആയി പ്രവർത്തിച്ചിരുന്നത് മൾട്ടി അമിനിറ്റി ഹബ്ബ് ആയിരുന്നതിനാൽ ടി കെട്ടിടത്തിൽ കുറവ് വന്ന സാധനങ്ങൾ എത്രയും വേഗം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഡി.ഡി.സി.ആയി പ്രവർത്തിച്ച പ്രസ്തുത കെട്ടിടത്തിൽ ആകെ ഒരു സെറ്റ് സോഫ മാത്രമാണ് ഇറക്കി വച്ചിട്ടുള്ളത്. ലഭ്യമായ മറ്റെല്ലാ സാധനങ്ങളും പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലും സ്റ്റോർറൂമിലും ആണെന്ന് ഓഡിറ്റ് വേളയിൽ നടത്തിയ ഭൌതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടതാണ്. ആയതിനാൽ സാധനങ്ങൾ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന മറുപടി അംഗീകരിക്കുവാൻ കഴിയില്ല.

റീ-ടെണ്ടർ നടത്തിയതിൽ ലഭിച്ച ഒലീവിയ ഹോം വേൾഡ് എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ അകാരണമായി നിരസിച്ചിരിക്കുന്നു, ടെണ്ടർ ഫോമിൽ ഒപ്പ് പോലും രേഖപ്പെടുത്താതെ സമർപ്പിച്ച ജെ.ജെ. ഗ്രൂപ്പിന്റെ ടെണ്ടർ അംഗീകരിച്ചിരിക്കുന്നു, സിഡ്കോ പോലുള്ള സ്ഥാപനങ്ങളുടെ ടെണ്ടറിൽ നിരക്ക് രേഖപ്പെടുത്തിയത് കാണുന്നില്ല തുടങ്ങിയ അപാകതകളും ടെണ്ടർ നടപടിയിൽ ഉണ്ടായിരിക്കുന്നു. തുടർന്നുള്ള വാങ്ങലുകളിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

വാങ്ങൽ നടപടികളിൽ ഇത്രമാത്രം അപാകതകൾ ഉണ്ടായതിനാൽ മൾട്ടി അമിനിറ്റി ഹബ്ബിലേക്ക് ₹940000/- ചെലവഴിച്ച് വാങ്ങൽ നടത്തിയെങ്കിലും ഫലത്തിൽ ടി സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ കാര്യമായ യാതൊന്നും ലഭിക്കാത്ത സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ ഏറ്റെടുത്ത പ്രവൃത്തി പരിപൂർണ്ണ പരാജയമായി മാറുകയും ചെയ്തു.

വാങ്ങൽ നടപടിക്രമങ്ങളിൽ ഉണ്ടായ ക്രമക്കേട് കാരണം കരാറുകാരന് അധികം നൽകിയ ₹137570/- യും പണം നൽകിയിട്ടും സപ്ലൈ ചെയ്യാത്ത സാധനങ്ങളുടെ വിലയായ ₹621707/- സപ്ലൈ ചെയ്ത സാധനങ്ങളുടെ എം.ആർ.പി. യിൽ അധികരിച്ച തുക നൽകിയത് മൂലം ഉണ്ടായ നഷ്ടം ₹ 28353/- ഉൾപ്പെടെ ആകെയുണ്ടായ നഷ്ടം ₹787630/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്. കൂടാതെ വാങ്ങൽ നടപടിയിൽ ഗുണനിലവാരമില്ലാത്ത സാധനങ്ങൾ ലഭിച്ചത് മുതലുള്ള മറ്റ് അപാകതകൾ പഞ്ചായത്ത് ഭരണസമിതി അന്വേഷിച്ച് ഉചിത നടപടി സ്വീകരിക്കേണ്ടതാണ്.

1-14 പഞ്ചായത്ത് ഓഫീസ് മേൽക്കൂരയിൽ സൌരോർജ്ജ പാനൽ സ്ഥാപിക്കൽ- പദ്ധതി പരിപൂർണ്ണ പരാജയം, കരാറുകാരന് ₹309988/- അധികം നൽകിയിരിക്കുന്നു.

പ്രോജക്ട്	87/21, പഞ്ചായത്ത് ഓഫീസ് മേൽക്കൂരയിൽ സൌരോർജ്ജ പാനൽ സ്ഥാപിക്കൽ
അടങ്കൽ	₹1404775/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
നിർവ്വഹണം	സെക്രട്ടറി
ചെലവ്	₹1404000/-
ബിൽ നം. /തീയതി/ തുക	20100352015800197126/11.04.2020/₹468000/ 20100352015800197127/11.04.2020/₹468000/- 20100352015800329912/11.04.2020/₹468000/-

* ടെണ്ടർ പ്രകാരമുള്ള തുകയേക്കാൾ അധിക തുക കരാറുകാരന് നൽകിയതിനാൽ നഷ്ടം ₹309988/-

* ടെണ്ടർ ലഭിച്ച സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

* സോളാർ പാനൽ സ്ഥാപിച്ച് ഒന്നര വർഷം കഴിഞ്ഞിട്ടും പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

* കരാർ ഇല്ലാത്തതിനാൽ തുടർ നടപടി അസാദ്ധ്യം

* ₹1404000/- ചെലവഴിച്ച പദ്ധതി പരിപൂർണ്ണ പരാജയം

പഞ്ചായത്ത് ഓഫീസിന്റെ മേൽക്കൂരയിൽ സൌരോർജ്ജ പാനൽ സ്ഥാപിച്ച് പഞ്ചായത്ത് ഓഫീസിലെ വൈദ്യുതി ചെലവ് കുറയ്ക്കുക, അധിക വൈദ്യുതി കെ.എസ്.ഇ.ബി. യ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യത്തിൽ 10KV Grid Connected & 5kv Off Grid എന്ന രീതിയിൽ 15kv യുടെ പദ്ധതി ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്നതിനായി അനേർട്ട് എം പാനൽ ചെയ്ത പത്ത് സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിച്ചിരുന്നു. ലഭിച്ച നാല് ടെണ്ടറുകൾ സംബന്ധിച്ച് അനേർട്ട് ഇടുക്കി ജില്ലാ ഓഫീസറിൽ നിന്നും അഭിപ്രായം സ്വീകരിച്ച് താഴെ പറയും പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ പ്രോജൻ എനേർജി സൊലൂഷൻ എന്ന സ്ഥാപനത്തിന് പ്രവൃത്തി നിർവ്വഹിക്കുവാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

Sl.No.	Company Name	Rate For 5 KV Off Grid	Rate For 10 KV Connected Ot Grid	Total	Remarks.
1	Alternate	580000	525000	1105000	
2	Mas Solar	-	-	1529000	
3	Progen Energy Solution	554957	539055	1094012	Lowest Tender
4	Kondaas	-	-	1535000	

മേൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പ്രോജൻ എനേർജി സോലൂഷൻ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ടെണ്ടർ പ്രകാരം ആകെ തുക ₹1094012/- എന്നിരിക്കെ മുകളിൽ സൂചിപ്പിച്ച ബിൽ പ്രകാരം സ്ഥാപനത്തിന് ആകെ ₹1404000/- നൽകിയിരിക്കുന്നു. ഇത് പ്രകാരം ₹309988/- പഞ്ചായത്തിന് നഷ്ടമുണ്ടായിരിക്കുന്നു.

10 Kv വൈദ്യുതി കെ.എസ്.ഇ.ബി.ക്ക് നൽകുന്നതിനും 5kv പഞ്ചായത്ത് ഓഫീസിലേക്ക് ബന്ധിപ്പിക്കുന്നതിനുമായി നടപ്പാക്കിയ പ്രോജക്ടിൽ ടി രണ്ട് കാര്യവും നിർവ്വഹിച്ചിട്ടില്ല. സോളാർ പാനൽ സ്ഥാപിച്ചതിന് മുമ്പും ശേഷവും പഞ്ചായത്ത് കെ.എസ്.ഇ.ബി.യ്ക്ക് നൽകിവരുന്ന വൈദ്യുതി ഉപഭോഗ ബില്ലിലെ വിവരം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

ക്രമ നം	കാലയളവ്	വൈദ്യുതി ഉപഭോഗം
1	20.02.2019 To 16.04.2019	1716 Unit
2	13.102019 To 07.012.2019	1494 Unit
3	10.10.2021 To 11.12.2021	1417 Unit

മുകളിൽ സൂചിപ്പിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ സോളാർ പാനൽ യഥാവിധി സ്ഥാപിച്ചിട്ടില്ലയെന്ന് വ്യക്തമാണ്. മാത്രമല്ല വൈദ്യുതി കെ.എസ്.ഇ.ബി. യ്ക്ക് നൽകിയ വകയിൽ നാളിതുവരെ പഞ്ചായത്തിൽ യാതൊരു വരുമാനവും ലഭിച്ചിട്ടില്ല. സോളാർ പാനൽ യഥാവിധി സ്ഥാപിക്കുന്നതിന് മുമ്പ് പണം നൽകിയതിനാലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. 2020 മാർച്ച് മാസത്തിൽ സ്ഥാപിച്ച സോളാർ പാനൽ നാളിതുവരെ പ്രവർത്തന സജ്ജമാക്കിയിട്ടില്ലെന്നും ആയത് അടിയന്തരമായി പ്രവർത്തന സജ്ജമാക്കണമെന്നും കാണിച്ച് സെക്രട്ടറി ഒരു വർഷത്തിന് ശേഷം 05.03.2021 ൽ A2-858/2021 നമ്പർ പ്രകാരം സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെടാത്തതിനാൽ മറ്റ് നിയമ നടപടി സ്വീകരിക്കാനും കഴിയാത്ത അവസ്ഥയാണ്. മേൽ അപാകതകൾക്ക് അടിയന്തരമായി വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 23.12.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.14 ന് സെക്രട്ടറി ലഭ്യമാക്കിയ

മറുപടിയിൽ പ്രോജൻ എനർജി സൊല്യൂഷൻ എന്ന സ്ഥാപനത്തിന് അധികമായി നൽകിയിട്ടുള്ള ₹309988/- തിരിച്ചടയ്ക്കുന്നതിന് കക്ഷിക്ക് കത്തുനൽകി തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കുന്നതാണെന്നും വൈദ്യുതി കെ.എസ്.ഇ.ബി.യ്ക്ക് നൽകുവാൻ കഴിയാത്തത് ടി സ്ഥാപനങ്ങൾ തമ്മിൽ സംയുക്ത പരിശോധന നടത്താത്തതിനാലാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി എന്ന് പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കുന്നതിന് മുമ്പ് പദ്ധതി പണം പൂർണ്ണമായും നൽകിയതിനാലും കരാർ ചമയ്ക്കാത്തതിനാലും പദ്ധതി പരിപൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. അധികമായി നൽകിയ തുക ₹309988/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്. ബാക്കി തുക ₹1094012/- താല്കാലികമായി തടസ്സപ്പെടുത്തുന്നു. പദ്ധതി പ്രവർത്തന സജ്ജമാക്കുവാൻ കഴിയാതെ വന്നാൽ പദ്ധതിക്കായി ചെലവഴിച്ച ബാക്കി തുകയായ ₹1094012/- വ്യക്തമായ നഷ്ടമായി കണക്കാക്കി ആയതുകൂടി സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

1-15 ഖരമാലിന്യ സംസ്കരണം- പൊതു ഇടങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ- വാങ്ങൽ നടപടിയിലെ അപാകത, നഷ്ടം ₹152760/-

പ്രോജക്ട്	64/21, ഖരമാലിന്യ സംസ്കരണം- പൊതു ഇടങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ
അടങ്കൽ	₹250000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്
നിർവ്വഹണം	സെക്രട്ടറി
ചെലവ്	₹242760/-
ബിൽ നം. /തീയതി /തുക	20100352015801358704/ 25.03.21/ ₹242760/-

ഖരമാലിന്യ സംസ്കരണം- പൊതു ഇടങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം 120 ലിറ്റർ സംഭരണ ശേഷിയുള്ള മൂന്ന് ബിന്നുകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിന് ₹24276/- നിരക്കിൽ 10 യൂണിറ്റുകൾ വാങ്ങുന്നതിന് തിരുവനന്തപുരം സിഡ്കോയ്ക്ക് 25.03.2021 ൽ ₹242760/-നൽകിയിട്ടുണ്ട്. നാല് യൂണിറ്റ് ഹരിതകർമ്മ സേന മുഖേന വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചതായി കാണുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 22.12.2021 ൽ പഞ്ചായത്ത് ജീവനക്കാരന്റെ സാന്നിധ്യത്തിൽ നടത്തിയ ഭൌതിക പരിശോധനയിൽ പഞ്ചായത്ത് കെട്ടിടത്തിൽ രണ്ട് യൂണിറ്റ് സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തി. ബാക്കിയുള്ള നാല് യൂണിറ്റ് ഇനിയും ലഭിച്ചിട്ടില്ല. സാധനങ്ങൾ ലഭിച്ച് കഴിഞ്ഞതിന് ശേഷം മാത്രം പണം കൊടുക്കേണ്ടതിന് പകരം മുൻകൂർ പണം നൽകിയിരിക്കുന്നു. ഒന്നര വർഷത്തിന് ശേഷവും പൂർണ്ണമായി സാമഗ്രികൾ എത്തിച്ച് നൽകിയിട്ടില്ല. എന്നാൽ പഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൌതിക പരിശോധനയിൽ ആകെ ആറ് യൂണിറ്റ് മാത്രമേ ലഭിച്ചിട്ടുള്ളൂ എന്ന് കണ്ടെത്തിയതിന്റെ അടുത്ത ദിവസം നാല് യൂണിറ്റ് കരാറുകാരൻ എത്തിക്കുകയുണ്ടായി. പുതുതായി എത്തിച്ചത് ഉൾപ്പെടെ നിലവിൽ ആറ് യൂണിറ്റ് യഥാസ്ഥലങ്ങളിൽ സ്ഥാപിക്കാതെ പഞ്ചായത്ത് കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ട്. നിലവിൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആറ് യൂണിറ്റുകൾ നിശ്ചയിച്ച സ്ഥലങ്ങളിൽ അടിയന്തരമായി സ്ഥാപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മൂന്ന് ബിൻ ഉൾപ്പെടുന്ന ഒരു യൂണിറ്റിന് ഏകദേശം ₹9000/- മാത്രം പൊതു മാർക്കറ്റിൽ വിലയുള്ള അരിസ്റ്റോ വീൽ

വേസ്റ്റ് ബിൻ 120 ലിറ്റർ എന്ന സാധനം ടെണ്ടർ ക്ഷണിക്കാതെയും പർച്ചേസ് കമ്മിറ്റി ചേരാതെയും തിരുവനന്തപുരം സിഡ്കോയ്ക്ക് മുൻകൂർ പണം നൽകി ഒരു യൂണിറ്റിന് ₹24276/- നിരക്കിൽ പത്ത് യൂണിറ്റ് വാങ്ങിയിരിക്കുന്നു. തന്മൂലം താഴെ പറയും പ്രകാരം ₹ 152760/- നഷ്ടം ഗ്രാമപഞ്ചായത്തിന് ഉണ്ടായിരിക്കുന്നു.

ഇനം	എണ്ണം	പൊതു മാർക്കറ്റിലെ വില (₹) (ഒരു യൂണിറ്റിന്)	വാങ്ങിയ വില (₹) (ഒരു യൂണിറ്റിന്)	അധികമായി നൽകിയ വില (₹)	10 യൂണിറ്റിന് ആകെ നഷ്ടം (₹)
അരിസ്റ്റോ വീൽ വേസ്റ്റ് ബിൻ 120 ലിറ്റർ	10 യൂണിറ്റ്	9000	24276	15276	152760

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 21.12.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 8 ന് ലഭ്യമാക്കിയ മറുപടിയിൽ 10 യൂണിറ്റുകളും ഇന്നത്തെ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതിനാലും കോവിഡ് മഹാമാരി കാലത്ത് മറ്റ് സ്ഥാപനങ്ങളിൽ നിന്നും ടി ഇനം ലഭ്യമാകാതിരുന്നതിനാലും, സാധനങ്ങളുടെ ദൌർലഭ്യം കണക്കിലെടുത്ത് വ്യാപാര സ്ഥാപനങ്ങൾ അധിക വില ഈടാക്കിയ സാഹചര്യത്തിൽ സർക്കാർ സ്ഥാപനമായ സിഡ്കോയിൽ നിന്ന് വാങ്ങുകയാണ് ഉണ്ടായതെന്നും സർക്കാർ സ്ഥാപനമായതിനാൽ പൊതുമാർക്കറ്റിലെ വില താരതമ്യം ചെയ്തിരുന്നില്ലയെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് സാമ്പത്തിക വർഷം നടത്തിയ മിക്ക വാങ്ങലുകളും ടെണ്ടർ നടപടിയിൽ നിന്നും ഒഴിവാക്കി തിരുവനന്തപുരം സിഡ്കോയ്ക്ക് മുൻകൂർ പണം നൽകി നടത്തിയിരിക്കുന്നതും ആയതിൽ മിക്ക സാധനങ്ങളും ഒന്നര വർഷത്തിന് ശേഷം ഓഡിറ്റ് വേളയിൽ ആവശ്യപ്പെടുമ്പോൾ മാത്രം എത്തിക്കുകയും ചെയ്യുന്നത് സദുദ്ദേശ നടപടിയായി കാണാൻ കഴിയില്ല. മാത്രമല്ല ഇടുക്കി ജില്ലയുടെ തമിഴ്നാട് അതിർത്തിയിലുള്ള വട്ടവട പഞ്ചായത്തിലേക്ക് നടത്തിയ പല വാങ്ങലുകളും ടെണ്ടർ നടപടി ഒഴിവാക്കി തിരുവനന്തപുരത്തുള്ള സിഡ്കോയിൽ നിന്ന് നടത്തിയിരിക്കുന്നതിലും ദുരൂഹതയുണ്ട്. ആയതിനാൽ മറുപടി അംഗീകരിക്കുവാൻ കഴിയില്ല. ആയതിനാൽ നഷ്ടമായ തുക ₹152760/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

1-16 ഘടക സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- വാങ്ങിയ കമ്പ്യൂട്ടറിൽ രണ്ടെണ്ണം കാണാനില്ല, നഷ്ടം ₹105266/-

പ്രോജക്ട്	83/21, ഘടക സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ
അടങ്കൽ	₹271000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
നിർവ്വഹണം	സെക്രട്ടറി
ചെലവ്	₹263165/-
ബിൽ നം. /തീയതി / തുക	20100352015800056598/11.04.2020/₹263165/-

* ഘടക സ്ഥാപനങ്ങൾക്ക് വാങ്ങിയ അഞ്ച് കമ്പ്യൂട്ടറുകളിൽ മൂന്നെണ്ണം പഞ്ചായത്ത് ഓഫീസിൽ തന്നെ ഉപയോഗിക്കുന്നു.

* ഘടക സ്ഥാപനങ്ങൾക്ക് പുതിയത് എന്ന വ്യാജേന രണ്ട് പഴയ കമ്പ്യൂട്ടറുകൾ നൽകിയിരിക്കുന്നു.

* വാങ്ങിയ പുതിയ രണ്ട് കമ്പ്യൂട്ടറുകൾ കാണാനില്ല.

* കമ്പ്യൂട്ടറിന്റെ സ്റ്റോക്ക് രജിസ്റ്റർ യഥാവിധി പരിപാലിക്കാത്തതിനാൽ വാങ്ങുന്ന കമ്പ്യൂട്ടറുകളും

അനുബന്ധ ഉപകരണങ്ങളും പഞ്ചായത്തിൽ തന്നെ ഉണ്ടെന്ന് ഉറപ്പാക്കുവാൻ കഴിയുന്നില്ല.

മേൽ പദ്ധതി പ്രകാരം ഘടകസ്ഥാപനങ്ങൾക്ക് നൽകുവാനായി അഞ്ച് കമ്പ്യൂട്ടർ വാങ്ങുന്നതിന് കമ്പ്യൂട്ടർ ഒന്നിന് ₹52633/- നിരക്കിൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബിൽ പ്രകാരം ₹263165/- കെൽട്രോണിന് നൽകിയിട്ടുണ്ട്. കെൽട്രോൺ ACER കമ്പനിയുടെ അഞ്ച് കമ്പ്യൂട്ടറുകൾ പഞ്ചായത്തിൽ എത്തിച്ചതായി ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ മൂന്ന് കമ്പ്യൂട്ടറുകൾ പഞ്ചായത്ത് ഓഫീസിൽ തന്നെ ഉപയോഗിക്കുന്നു. ബാക്കി രണ്ട് കമ്പ്യൂട്ടറുകളിൽ ഒന്ന് ഫാമിലി ഹെൽത്ത് സെന്റർ, വട്ടവടക്കും മറ്റൊന്ന് വട്ടവട വെറ്ററിനറി ആശുപത്രിക്കും നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 23.12.2021 ൽ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൌതിക പരിശോധനയിൽ പഞ്ചായത്തിൽ നിന്നും രണ്ട് സ്ഥാപനങ്ങളിലും നൽകിയിരിക്കുന്ന കമ്പ്യൂട്ടറുകളുടെ കവർ മാത്രം പുതിയതും കവറിനുള്ളിൽ നൽകിയത് പഴയ സി.പി.യു.വും മോണിട്ടറും ആണെന്ന് കണ്ടെത്തി. ഇത് ഗുരുതരമായ ക്രമക്കേടാണ്. നിലവിൽ ടി പദ്ധതി പ്രകാരം ഘടക സ്ഥാപനങ്ങൾക്ക് നൽകുവാൻ അഞ്ച് കമ്പ്യൂട്ടർ വാങ്ങിയെങ്കിലും അതിൽ ഒന്നു പോലും ഘടക സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല എന്ന് മാത്രമല്ല വാങ്ങിയ അഞ്ച് കമ്പ്യൂട്ടറിൽ രണ്ടെണ്ണം നഷ്ടപ്പെട്ടിരിക്കുന്നു. പഞ്ചായത്തിൽ പുതിയ കമ്പ്യൂട്ടറുകൾ മൂന്നെണ്ണം സെക്ഷനുകൾക്ക് ഉപയോഗിക്കുവാനായി നൽകിയപ്പോൾ അവർ നിലവിൽ ഉപയോഗിച്ചുകൊണ്ടിരുന്ന കമ്പ്യൂട്ടറുകൾ എവിടെ എന്നും വ്യക്തമല്ല. അത് സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് 23.12.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 11 ന് ലഭ്യമാക്കിയ മറുപടിയിൽ ഘടക സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി വാങ്ങിയ കമ്പ്യൂട്ടറുകൾ ഉടൻ തന്നെ ടി സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി പ്രകാരം വാങ്ങിയ രണ്ട് കമ്പ്യൂട്ടറുകൾ പഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ കണ്ടെത്താൻ കഴിയാതെ വരികയും രണ്ട് ഘടക സ്ഥാപനങ്ങൾക്ക് പുതിയ കമ്പ്യൂട്ടർ എന്ന നിലയിൽ രണ്ട് പഴയ കമ്പ്യൂട്ടർ നൽകിയതും യാദൃശ്ചികമായി കരുതുവാൻ കഴിയില്ല. ആയതിനാൽ നഷ്ടപ്പെട്ട രണ്ട് കമ്പ്യൂട്ടറിന്റെ വിലയായ ₹105266/- (52633x2) ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്. കൂടാതെ കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിലുണ്ടായ ക്രമക്കേട് സംബന്ധിച്ച് ഭരണതല അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടതാണ്.

1-17 വട്ടവട ജി.എൽ.പി.എസ്. സ്മാർട്ട് ക്ലാസ് മുറി- സപ്ലൈ ചെയ്യാത്ത ഇനത്തിന് പണം നൽകി, നഷ്ടം ₹17490/-

പ്രോജക്ട്	72/21, വട്ടവട ജി.എൽ.പി.എസ്. സ്മാർട്ട് ക്ലാസ് മുറി
അടങ്കൽ	₹200000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്
നിർവ്വഹണം	സെക്രട്ടറി
ചെലവ്	₹199000/-
ബിൽ നം. /തീയതി /തുക	20100352015800197124/11.04.2020/ ₹199000/-

മേൽ പദ്ധതി പ്രകാരം വട്ടവട ജി.എൽ.പി. സ്കൂളിൽ സ്മാർട്ട് ക്ലാസ് മുറി തയ്യാറാക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, എറണാകുളം എന്ന സ്ഥാപനത്തെ ടെണ്ടർ കൂടാതെ നേരിട്ട് ചുമതലപ്പെടുത്തുകയും സ്ഥാപനത്തിന്റെ 26.02.2020 ലെ ഇൻവോയ്സ് നം. CHNBC0000183 പ്രകാരം ₹199000/- യുടെ സാധന സാമഗ്രികൾ സപ്ലൈ ചെയ്തതിന്/ സ്ഥാപിച്ചതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വേളയിൽ 22.12.2021 ന് അദ്ധ്യാപകരുടെ സാന്നിദ്ധ്യത്തിൽ സ്കൂളിൽ നേരിട്ട് പരിശോധന നടത്തിയതിൽ ₹ 17490/- വില രേഖപ്പെടുത്തിയിട്ടുള്ള Cybernetics Document Camera എന്ന ഇനം സ്കൂളിൽ സ്ഥാപിച്ചിട്ടില്ലയെന്ന് ബോധ്യപ്പെട്ടു. പ്രസ്തുത ഇനം സ്ഥാപനം സ്കൂളിൽ നൽകിയിട്ടില്ല എന്ന് പരിശോധനാ വേളയിൽ ഹാജരുണ്ടായിരുന്ന ടീച്ചർ ഇൻ-ചാർജ് രേഖാമൂലം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 21.12.2021 ന് നൽകിയ

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 6 ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനം സാധനങ്ങളെല്ലാം നൽകിയിട്ടുള്ളതാണ് എന്നും അന്ന് ചുമതലയിൽ ഉണ്ടായിരുന്ന അദ്ധ്യാപകന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പൂർണ്ണമായും തുക നൽകിയിട്ടുള്ളതെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത മറുപടി ലഭിച്ചതിന് ശേഷം ഫയൽ ഒന്നുകൂടി പരിശോധിച്ചപ്പോൾ ഇപ്രകാരം ഒരു റിപ്പോർട്ട് അദ്ധ്യാപകന്റെ ഭാഗത്തുനിന്നും ലഭിച്ചിട്ടില്ല എന്ന് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. ആയതിനാൽ സെക്രട്ടറിയുടെ വസ്തുതാവിരുദ്ധമായ മറുപടി അംഗീകരിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ സപ്ലൈ ചെയ്യാത്ത ഇനത്തിന് തുക അനുവദിച്ച വകയിൽ ₹ 17490/- യുടെ നഷ്ടം ഉണ്ടായിട്ടുള്ളത് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

1-18 ഖരമാലിന്യ സംസ്കരണം - വ്യക്തികൾക്കും കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും വിതരണത്തിനായി വാങ്ങിയ 1600 വേസ്റ്റ് ബിന്നുകൾ ഒന്നര വർഷമായി വിതരണം നടത്തിയിട്ടില്ല- ചെലവ് തടസ്സം ₹599760/-

പ്രോജക്ട്	62/21, ഖരമാലിന്യ സംസ്കരണം വേസ്റ്റ് ബിൻ വിതരണം	63/21, കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വേസ്റ്റ് ബിൻ വിതരണം
അടങ്കൽ	₹300000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	₹300000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
നിർവ്വഹണം	സെക്രട്ടറി	സെക്രട്ടറി
ചെലവ്	₹299880/-	₹299880/-
ബിൽ നം. / തീയതി /തുക	20100352015801358700/25.03.21/ ₹299880	20100352015801358701/25.03.21/ ₹299880

മേൽ പദ്ധതികൾ പ്രകാരം വ്യക്തികൾക്കും കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും 800 വീതം വേസ്റ്റ് ബിന്നുകൾ നൽകുന്നതിന് സിഡ്കോയിൽ നിന്നും 1600 വേസ്റ്റ് ബിന്നുകൾ വാങ്ങിയതിന് ബിൻ ഒന്നിന് ₹374.85/- നിരക്കിൽ മുകളിൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം ₹599760/- തിരുവനന്തപുരം സിഡ്കോയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ വേസ്റ്റ് ബിന്നുകൾ ലഭിച്ചതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖയില്ല. പദ്ധതി പ്രകാരം നൽകിയ വേസ്റ്റ് ബിന്നുകളിൽ നിക്ഷേപിക്കുന്ന ഖരമാലിന്യം ശേഖരിക്കുന്നതും സംസ്കരിക്കുന്നതും സംബന്ധിച്ച വിവരം പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല. പ്രോജക്ടിൽ അയൽക്കൂട്ടങ്ങൾക്ക് 600 വേസ്റ്റ് ബിന്നുകൾ വിതരണം ചെയ്യുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ തുടർ പ്രവർത്തനങ്ങളെ കുറിച്ച് യാതൊരു വിശദാംശങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല പഞ്ചായത്തിൽ നിലവിൽ 132 അയൽക്കൂട്ടങ്ങൾ മാത്രമാണ് ഉള്ളത് എന്നിരിക്കെ വേസ്റ്റ് ബിന്നുകൾ എപ്രകാരം വിതരണം ചെയ്യുന്നു എന്നതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 21.12.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 3 ന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ 1470 എണ്ണം സൂക്ഷിച്ചിട്ടുണ്ടെന്നും ബാക്കിയുള്ളത് കോവിഡ് ഡി.സി.സി. പ്രവർത്തനങ്ങൾക്കും ശുചീകരണ പ്രവർത്തനങ്ങൾക്കും ഉപയോഗിച്ചിട്ടുള്ളതാണെന്നും അറിയിച്ചു. പഞ്ചായത്ത് കെട്ടിടത്തിൽ ആയത് സൂക്ഷിച്ചിട്ടുള്ളത് ഓഡിറ്റ് വേളയിൽ പരിശോധിച്ചു ബോദ്ധ്യപ്പെട്ടു. കൂടാതെ കോവിഡ് മഹാമാരി കാരണം ദീർഘകാലം വ്യാപാര സ്ഥാപനങ്ങൾ അടഞ്ഞു കിടന്നതിനാലും യാത്രാ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാലുമാണ് സാധനങ്ങൾ എത്തിച്ചേരുവാൻ താമസം വന്നിട്ടുള്ളതെന്നും കോവിഡ് രൂക്ഷമായതിനാലാണ് ഓരോ വീടുകളിലും എത്തിച്ചു നൽകുവാൻ കഴിയാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. വാങ്ങൽ നടത്തുന്നതിന് പർച്ചേസ് കമ്മിറ്റി രൂപീകരിക്കുകയോ വാങ്ങലുകളുടെ വിലയും ഗുണനിലവാരവും പരിശോധിക്കുവാൻ മേൽനോട്ടം വഹിക്കുകയോ ചെയ്തിട്ടില്ല. വാങ്ങിയ വേസ്റ്റ് ബിന്നുകൾ പുനരുപയോഗ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചതും വളരെ ഗുണനിലവാരം ഇല്ലാത്തതുമാണെന്ന് പ്രഥമ ദൃഷ്ടിയാൽ വ്യക്തമാണ്. ഇത് സംബന്ധിച്ച് നിലവിലുള്ള ഭരണസമിതി തുടർ നടപടി സ്വീകരിക്കേണ്ടതാണ്. വാങ്ങി സൂക്ഷിച്ചിട്ടുള്ള വേസ്റ്റ് ബിന്നുകൾ യഥാവിധി വിതരണം നടത്തി മാലിന്യ സംസ്കരണ തുടർ പദ്ധതി

നടപ്പാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തുക ₹599760/- തടസ്സപ്പെടുത്തുന്നു.

1-19 കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ കമ്പ്യൂട്ടർ സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ സർക്കാർ നിർദ്ദേശപ്രകാരമുള്ള നിർദ്ദിഷ്ട മാതൃകയിൽ കമ്പ്യൂട്ടറിന്റെ സമഗ്രമായ വിവരങ്ങൾ ചേർത്ത് സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ കാലാകാലങ്ങളിൽ വാങ്ങുന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും എല്ലാ സാമ്പത്തിക വർഷവും ഭൌതിക പരിശോധന നടത്തി സ്റ്റോക്ക് രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. പ്രസിഡന്റിന് അനുവദിച്ചിട്ടുള്ള ലാപ്പ് ടോപ്പ് നിലവിലെ പ്രസിഡന്റിന് കൈമാറിയിട്ടില്ല. ഇത് സംബന്ധിച്ച് 23.12.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 13 ന് മുൻപ്രസിഡന്റിന് നൽകിയിട്ടുള്ള ലാപ്പ് ടോപ്പ് കൈപ്പറ്റി സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി നടത്തി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നാളിതുവരെ വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഇലക്ട്രോണിക് ഉപകരണങ്ങളുടെയും പൂർണ്ണമായ വിവരം നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ തുടങ്ങിയവർക്ക് നൽകിയിട്ടുള്ള ലാപ്പ് ടോപ്പുകൾ ഉൾപ്പെടെ കമ്പ്യൂട്ടറുകളുടെ ഭൌതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 വട്ടവട ഖരമാലിന്യ നിർമ്മാർജനം- പദ്ധതി നടത്തിപ്പിൽ വ്യക്തതയില്ല

പ്രോജക്ട്	11/21, വട്ടവട ഖരമാലിന്യ നിർമ്മാർജ്ജനം
അടങ്കൽ	₹2400000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
നിർവ്വഹണം	സെക്രട്ടറി
ചെലവ്	₹2384010/-
ബിൽ നം. /തീയതി /തുക	20100352015800479983/26.08.2020/ ₹1007820/- 20100352015800557608/25.09.2020/₹ 195580/- 20100352015800642475/20.10.2020/ ₹202680/- 20100352015801180080/03.03.2021/₹794930/- 20100352015801299296/19.03.21/ ₹183000/-

മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ഖരമാലിന്യ സംസ്കരണത്തിനായി 2020-21 വർഷം ₹2384010/- ട്രഷറിയിൽ നിന്ന് പിൻവലിച്ച് സെക്രട്ടറിയുടെ അക്കൌണ്ടിൽ നിക്ഷേപിച്ച് തൊഴിലാളികൾക്ക് കൂലി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹിക്കുന്ന പ്രവൃത്തി സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ഇല്ല. മാലിന്യ സംസ്കരണ സംവിധാനം ഗ്രാമപഞ്ചായത്തിൽ എപ്രകാരമാണ് നടക്കുന്നത് എന്നും ശേഖരിക്കുന്ന മാലിന്യം എപ്രകാരം സംസ്കരിക്കുന്നു, ഇതിനായി നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ പ്രവർത്തനം മോണിട്ടർ ചെയ്യുന്നുന്നതിനുള്ള സംവിധാനം എന്താണ്, തുടങ്ങിയ കാര്യങ്ങളിൽ യാതൊരു വ്യക്തതയും പ്രോജക്ടിൽ ഇല്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 21.12.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 2 ന് ലഭ്യമാക്കിയ മറുപടിയിൽ കോവിലൂർ, വട്ടവട, കൊട്ടക്കാമ്പൂർ എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് 23 തൊഴിലാളികളെയും പ്ലംബിംഗ് ജോലിക്ക് ഒരാളെയും നിയോഗിച്ച് ഇവർ ശേഖരിക്കുന്ന മാലിന്യങ്ങൾ കൈവണ്ടിയിൽ കൊണ്ടുവന്ന് ഓഫീസ് വക ട്രാക്ടറിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ള കുഴികളിൽ നിക്ഷേപിച്ച് കുഴി നിറയുമ്പോൾ മണ്ണിട്ട് മൂടുകയുമാണ് ചെയ്യുന്നത് ചെയ്യുന്നത് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വാർഷികമായി ഇത്രയും ഭീമമായ തുക മാലിന്യ സംസ്കരണത്തിന് ചെലവഴിക്കുന്നുണ്ടെങ്കിലും മാലിന്യം സംസ്കരിക്കുന്നതിന് വ്യക്തമായ ശുപരേഖയില്ല. ജീവനക്കാരുടെ ആവശ്യകത നിർണ്ണയിച്ച്, ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ശരിയായ പദ്ധതി

രൂപീകരിച്ച് കൃത്യമായ മോണിട്ടറിംഗ് നടത്തി പദ്ധതി നടപ്പാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

1-21 ആവശ്യമായതിലും അധികനിരക്കിലുള്ള ഇന്റർനെറ്റ് പ്ലാനിന് വരിസംഖ്യ ഒടുക്കുന്നതു മൂലം അധികച്ചെലവ്

ഗ്രാമപഞ്ചായത്തിന്റെ ഒപ്റ്റിക്കൽ ഫൈബർ ഇന്റർനെറ്റ് കണക്ഷൻ ബി എസ് എൻ എല്ലിന്റെ 'ഫൈബർ റ്റുബി' എന്ന പ്ലാനാണ് നിലവിലുള്ളത് (ഫോൺ നം.04865297027) ₹4499/- അടിസ്ഥാന വരിസംഖ്യയും ₹5354/- ആകെ ബിൽ തുകയും വരുന്ന ഈ പ്ലാനിൽ 300 MBPS സ്പീഡിൽ 6500 GB ഡാറ്റയാണ് ലഭ്യമായത്. 2019 മാർച്ചിനും 2021 നവംബറിനും ഇടയിൽ ഏറ്റവും കൂടിയ പ്രതിമാസ ഉപഭോഗം 2021 ജൂലായിലെ 750 GB മാത്രമായതിനാലും 300 MBPS സ്പീഡിൽ 4000 GB ഡാറ്റ ₹1499/- അടിസ്ഥാന വരിസംഖ്യയിൽ ലഭ്യമായതുകൊണ്ടും ഇത്രയും തുക ഇന്റർനെറ്റിനായി നല്കുന്നത് പഞ്ചായത്തിനെ സംബന്ധിച്ച് അനാവശ്യ ചെലവാണ്. താമസംവിനാ ആവശ്യത്തിനു യോജിച്ച പ്ലാനിലേയ്ക്ക് മാറി അധികച്ചെലവ് ഒഴിവാക്കേണ്ടതാണ്.

1-22 ദുരന്ത ലഘൂകരണം -അവലോകനം

ലോകത്തെ ആകമാനം ബാധിച്ച കോവിഡ് ദുരന്തത്തെ ഫലപ്രദമായി നേരിടുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വട്ടവട ഗ്രാമപഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന അവലോകനം താഴെ കൊടുക്കുന്നു.

യഥാസമയംതന്നെ രോഗനിർണയം നടത്തുന്നതിനും രോഗികളെ കോവിഡ് കെയർ സെന്ററുകളിലേക്ക് എത്തിച്ച് വേണ്ട പരിചരണം ഉറപ്പാക്കുന്നതിനും പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വന്തമായി ഒരു FLTC ആരംഭിച്ച് രോഗബാധിതരെ പാർപ്പിക്കുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. രോഗികളുടെ ഹോം ക്വാറന്റൈനിലായ ബന്ധുക്കൾ, കോവിഡ് വോളന്റിയർമാർ തുടങ്ങിയവരുടെ ഭക്ഷ്യ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ കുടുംബശ്രീ സി ഡി എസ്സിന്റെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി കിച്ചൺ സ്ഥാപിച്ച് പ്രവർത്തിച്ചിരുന്നു. ഇതിനായി ₹36202/- പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന റേഷൻകട വഴി 200 കിലോ അരി ലഭിച്ചിട്ടുണ്ട്. വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംഭാവനയായി ₹10000/- പണമായും അരി, പലവ്യഞ്ജനങ്ങൾ എന്നിവ സാധനങ്ങളായും ലഭിച്ചിട്ടുണ്ട്. ലഭിച്ച സാധനങ്ങളുടെ കണക്ക് കൃത്യമായി സൂക്ഷിച്ചിട്ടില്ല. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മാസ്ക്, സാനിട്ടൈസർ, ഗ്ലൗസ് എന്നിവ വാങ്ങിയതിന്റെ ചെലവ്.	3396975
കമ്മ്യൂണിറ്റി കിച്ചൺ	63441
പോലീസ് ഉദ്യോഗസ്ഥരുടെ താമസത്തിനും ഭക്ഷണത്തിനുമായി ചെലവഴിച്ച തുക	96165
FLTC കളുടെ പ്രവർത്തനം	20400

ആകെ	3576981

സാനിറ്റൈസർ, മാസ്ക്, ഗ്ലൗസ്, ഫോഗിങ്, ഡിസ് ഇൻഫെക്ഷൻ, ആറു നേഴ്സുമാരുടെ ശമ്പളം എന്നീയിനങ്ങൾക്കായി ആകെ ₹3396975/-വൗച്ചറുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ടെങ്കിലും ആവശ്യമനുസരിച്ചുള്ള അളവിലല്ല സാധനങ്ങൾക്ക് സപ്ലൈ ഓർഡർ നല്കിയിരിക്കുന്നത് എന്ന് ബിൽ പ്രകാരമുള്ള മുഴുവൻ സാധനങ്ങളും സ്റ്റോക്കിൽ ചേർത്ത് വിതരണം നിർവഹിച്ചിട്ടില്ല എന്നതിൽ നിന്നും വ്യക്തമാണ്. ബിൽ പ്രകാരമുള്ള സാധനങ്ങൾ യഥാർത്ഥത്തിൽ ലഭിച്ചവയാണോ എന്നു പോലും ഉറപ്പാക്കാനാവില്ല. ഭൂവിസ്തൃതിയിലും ജനസംഖ്യയിലും ദുർഘടമായ ഭൂപ്രകൃതിയിലും കോവിഡ് വ്യാപനത്തിലും വട്ടവടയേക്കാൾ വളരെ വലുപ്പമേറിയ പഞ്ചായത്തുകളിൽപ്പോലും ഇത്രയും ചെലവ് വന്നിട്ടില്ല എന്നതും ഈ സാഹചര്യത്തിൽ കണക്കിലെടുക്കേണ്ട വസ്തുതയാണ്.

നടപ്പ് സാമ്പത്തികവർഷവും വൻ തുകയ്ക്കുള്ള വാങ്ങലുകൾ നടത്തുകയും ഭീമമായ തുകയ്ക്കുള്ള സാധന സാമഗ്രികൾ ഇപ്പോഴും ഉപയോഗിക്കാതെ പഞ്ചായത്തിന്റെ ഗോഡൗണിൽ സൂക്ഷിക്കുന്നു എന്നതും ആവശ്യത്തിനനുസരിച്ചല്ല സാധനങ്ങൾ വാങ്ങിയിരുന്നത് എന്നതിന് ദൃഷ്ടാന്തമാണ്.

രോഗികൾക്കും കുടുംബാംഗങ്ങൾക്കും വേണ്ട സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് ഹെല്പ് ഡെസ്ക്/ വാർ റൂം പ്രവർത്തിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശമുള്ളപ്പോഴും അപ്രകാരമൊരു സംവിധാനം വട്ടവട ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചതിന് രേഖ ലഭ്യമല്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തലത്തിൽ യൂത്ത് വോളന്റിയർമാർക്ക് പരിശീലനം ലഭിച്ചിരുന്നില്ല. ജില്ലാ തലത്തിൽ വട്ടവട പഞ്ചായത്തുകാരായ ഏഴ പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്.

ഡയാലിസിസ് ചെയ്യുന്നവർ, അർബുദ രോഗികൾ, ഇതര ഗുരുതര രോഗ ബാധിതർ എന്നിവർക്ക് മരുന്നു വാങ്ങി നൽകുന്നതിന് വികസന ഫണ്ട്, തനത് ഫണ്ട്, റോഡിതര മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉപയോഗിച്ച് പ്രോജക്ട് ഏറ്റെടുത്തിട്ടില്ല എങ്കിലും ബഹുജന പങ്കാളിത്തത്തോടെ അവർക്ക് ജീവൻ രക്ഷാമരുന്നു എത്തിച്ചു നൽകാൻ കഴിഞ്ഞിട്ടുണ്ട്. കോവിഡ് 19 ധനസഹായമായി സർക്കാരിൽ നിന്നോ മറ്റ് ഏജൻസികളിൽനിന്നോ തുകയൊന്നും ലഭ്യമായിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ തരിശു ഭൂമി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രത്യേക പ്രോജക്ടുകളൊന്നും ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വാടകക്കുടിശിക ഈടാക്കിയില്ല

എ) വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോപ്ലക്സിലെ താഴെപ്പറയുന്ന മുറിയുടെ വാടകക്കുടിശിക ഈടാക്കിയിട്ടില്ലെന്നു കണ്ടെത്തി .

ക്രമനം	കെട്ടിടനമ്പർ	വാടക്കാരന്റെ പേര്	പ്രതിമാസം ഇടാക്കേണ്ട വാടക	തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി	റിമാർക്സ്
1.	7/227	ഹോർട്ടികോർപ് സബ്സെന്റർ	5000	06/2020 മുതൽ 3/2021 വരെ	കോവിഡ് കാരണം 04/20, 05/20 ലെ വാടക സർക്കാർ ഇളവ് ചെയ്തു

പ്രസ്തുത വാടകക്കാരനുമായി നിയമ സാധുതയുള്ള കരാറിൽ ഏർപ്പെട്ടിട്ടില്ല. കുടിശിക ₹ 50000/- (5000x10), GST, പ്രളയസെസ് എന്നിവ സഹിതം ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

ബി) 2019-20ൽ വാടകക്ക് നൽകിയ താഴെക്കൊടുത്തിരിക്കുന്ന മുറികളുടെ വാടക 2020-21 ൽ പുതുക്കി

നൽകുമ്പോൾ ഈടാക്കേണ്ട വർദ്ധന താഴെപ്പറയുന്ന വാടകക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല.

ക്രമ നം	കെട്ടിട നമ്പർ	വാടക്കാരന്റെ പേര്	2019-20ൽ ഇടാക്കിയ വാടകത്തുക	വാർഷിക വർദ്ധനയുൾപ്പെടെ ഈടാക്കേണ്ട തുക	ഈടാക്കിയ തുക	ഈടാക്കുന്നതിൽ കുറവ് വന്ന തുക	തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി	റിമാർക്സ്
1.	7/225	മാനേജർ, ഐ.ഡി.സി.ബി	10000	10500	10000	500	06/2020 മുതൽ 3/2021 വരെ	കോവിഡ് കാരണം 04/20, 05/20 ലെ വാടക സർക്കാർ ഇളവ് ചെയ്തു
2.	7/227	വട്ടവട ശീതകാല പച്ചക്കറി വിപണന കർഷക സംഘം.	3400	3570	3400	170	06/2020 മുതൽ 3/2021 വരെ	കോവിഡ് കാരണം 04/20, 05/20 ലെ വാടക സർക്കാർ ഇളവ് ചെയ്തു
					ആകെ	6700 (670 X 10)		

ഈടാക്കുവാൻ അവശേഷിക്കുന്ന വാടകക്കുടിശിക 50000/- രൂപയും, വർദ്ധനയിലുള്ള കുടിശിക 6700/- രൂപയും ഉൾപ്പെടെ ആകെ 56,700/- രൂപ GST, പ്രളയസെസ് എന്നിവ സഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകുയറി (5, 22/12/2021)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വട്ടവട മൾട്ടി അമിനിറ്റി ഹബ്ബിലേക്ക് ഫർണിച്ചർ, അനുബന്ധ സാധനങ്ങൾ വാങ്ങൽ- പദ്ധതി നടത്തിപ്പിൽ ഗുരുതര ക്രമക്കേട്, നഷ്ടം ₹787630/-

* ഇ-ടെണ്ടർ നടപടി ഒഴിവാക്കുന്നതിന് വേണ്ടി രണ്ട് പദ്ധതികളിലായി വാങ്ങൽ നടത്തി.

* ആവശ്യമായ ടെണ്ടറുകൾ ലഭിച്ചിട്ടും അകാരണമായി ടെണ്ടർ റദ്ദ് ചെയ്ത് റീ-ടെണ്ടർ നടത്തിയിരിക്കുന്നു.

* ടെണ്ടർ അംഗീകരിച്ചതായി കമ്മറ്റി തീരുമാനം വ്യാജമായി ഉണ്ടാക്കിയിരിക്കുന്നു.

* ടെണ്ടർ അംഗീകരിച്ച സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

* ടെണ്ടർ തുകയേക്കാൾ അധികരിച്ച തുക കരാറുകാരന് നൽകിയിരിക്കുന്നു.

* ബിൽ പ്രകാരമുള്ള സാധനങ്ങളിൽ പലതും സപ്ലൈ ചെയ്തിട്ടില്ല.

* ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള വിലയേക്കാൾ വളരെ കുറഞ്ഞ എം.ആർ.പി. ഉള്ള സാധനങ്ങൾ പലതും സപ്ലൈ ചെയ്തതായി ഭൌതിക പരിശോധനയിൽ കണ്ടെത്തി.

* പർച്ചേസ് കമ്മിറ്റിയില്ലാത്തതിനാൽ വാങ്ങൽ നടപടിയിൽ സുതാര്യതയില്ല.

* വാങ്ങൽ നടപടിയിലെ അപാകത മൂലം പദ്ധതി ലക്ഷ്യം കണ്ടില്ല.

* ലഭിച്ച സാധനങ്ങൾ സ്റ്റോക്കിൽ രേഖപ്പെടുത്തി വിതരണം നടത്തുന്നില്ല.

* സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് മുമ്പ് കരാറുകാരന് പണം മുൻകൂറായി നൽകുന്നു.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	73/21, (45/19) വട്ടവട മൾട്ടി അമിനിറ്റി ഹബ്ബിലേക്ക് ഫർണിച്ചർ, അനുബന്ധ സാധനങ്ങൾ	88/21, (149/19) വട്ടവട മൾട്ടി അമിനിറ്റി ഹബ്ബ് പ്രവർത്തന സജ്ജമാക്കൽ
അടങ്കൽ	₹490000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)	₹450000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
നിർവ്വഹണം	സെക്രട്ടറി	സെക്രട്ടറി
ചെലവ്	₹490000/-	₹450000/-
ബിൽ നം. / തീയതി /തുക	20100352015800418917/11.04.2020/ ₹ 490000/-	20100352015800056601/11.04.2020/ ₹450000/-

ആയുർവ്വേദ സുഖചികിത്സാ സമ്പ്രദായത്തിന്റെ ഗുണങ്ങൾ സ്വദേശികളും വിദേശികളുമായ വിനോദ സഞ്ചാരികളിലേക്ക് എത്തിക്കുന്നതിന് ലക്ഷ്യമിട്ട് 2016-17, 2017-18 വർഷങ്ങളിൽ ഏകദേശം 1.5 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിച്ചിട്ടുള്ള മൾട്ടി അമിനിറ്റി ഹബ്ബിൽ പദ്ധതി വിഭാവനം ചെയ്ത യാതൊരു പ്രവൃത്തിയും നടക്കുന്നില്ല. നിലവിൽ താഴെ നിലയിൽ രണ്ട് മുറിയിൽ ആയുർവ്വേദ ആശുപത്രിയും മറ്റ് രണ്ട് മുറികളിൽ ഒന്ന് പോലീസ് എയ്ഡ് പോസ്റ്റിനും മറ്റൊന്ന് 108 ആംബുലൻസ് ജീവനക്കാർക്കും സൌജന്യമായി നൽകിയിരിക്കുന്നു. ശേഷിക്കുന്ന ഒന്നാം നിലയിലെ അഞ്ച് മുറികൾ റിസോർട്ട് നടത്തുന്നതിന് വാടകയ്ക്ക് നൽകുന്നതിനായി ഫർണിച്ചറും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച പ്രകാരം രണ്ട് പദ്ധതികൾ ഏറ്റെടുത്തിരുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകളും ആയവയ്ക്ക് 22.12.2021 നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സെക്രട്ടറി നൽകിയ മറുപടിയും ചുവടെ ചേർക്കുന്നു.

ഇ-ടെണ്ടർ നടപടിയിൽ നിന്നും ഒഴിവാക്കുന്നതിനായി ഒരേ ആവശ്യത്തിനുള്ള രണ്ട് പദ്ധതികൾ യഥാക്രമം ₹490000/-, ₹450000/- എന്നിങ്ങനെ അഞ്ച് ലക്ഷത്തിൽ താഴെ അടങ്കൽ തുക നിലനിർത്തി വാങ്ങൽ നടത്തിയിരിക്കുന്നു. പദ്ധതി അന്തിമ രൂപം നൽകിയതിന് ശേഷം ഫണ്ട് ബാക്കി ഉണ്ടായതിനാലാണ് രണ്ടാമത് ഒരു പ്രോജക്ട് കൂടി ഏറ്റെടുത്തത് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ഫണ്ട് അധികമായി ലഭിച്ചപ്പോൾ നിലവിലെ പ്രോജക്ടിൽ അടങ്കൽ തുക വർദ്ധിപ്പിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. പകരം പുതിയ പ്രോജക്ട് എടുത്തു എന്ന മറുപടി അംഗീകരിക്കാവുന്നതല്ല.

29.01.2020 തീയതിയിലെ ടെണ്ടർ നോട്ടീസ് പ്രകാരം നടത്തിയ ടെണ്ടർ അകാരണമായി റദ്ദ് ചെയ്ത് റീടെണ്ടർ നടത്തിയിരിക്കുന്നു. നാല് പേർ ടെണ്ടർ സമർപ്പിച്ചിരുന്നു. ടെണ്ടറിൽ പങ്കെടുത്ത ശ്രീ. അരുൺ വി. എന്ന വ്യക്തി ടെണ്ടർ നടപടിക്രമങ്ങൾ സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ച സാഹചര്യത്തിൽ റീ-ടെണ്ടർ നടത്തുവാൻ തീരുമാനിച്ചു എന്ന 12.02.2020 ലെ 2(2) പഞ്ചായത്ത് കമ്മിറ്റി തീരുമാനം കാണുന്നു. എന്നാൽ ടെണ്ടർ സംബന്ധിച്ച എന്ത് അപാകതയാണ് സംഭവിച്ചത് എന്ന് വ്യക്തമാക്കുന്ന കുറിപ്പോ ഇത് സംബന്ധിച്ച ടി വ്യക്തിയുടെ പരാതിയോ ഫയലിൽ ഇല്ല. ഇത് സംബന്ധിച്ച് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

25.02.2020 ലെ 2(5) പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ടെണ്ടറുകൾ അംഗീകരിച്ചതായി കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ദിവസത്തെ കമ്മിറ്റിയിൽ 2(5) നമ്പർ തീരുമാനം ഇല്ല. ഇത് സംബന്ധിച്ച് സെക്രട്ടറി നൽകിയ മറുപടിയിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നിരവധി തവണ 5 ദിവസം മുതൽ 13 ദിവസം വരെ തുടർച്ചയായി വൈദ്യുതി ഇല്ലാത്ത സാഹചര്യം ഉണ്ടായിരുന്നു എന്നും ടി സമയത്ത് ഇന്റർനെറ്റ് സംവിധാനങ്ങളും ലഭ്യമാവുകയുണ്ടായില്ല. പ്രസ്തുത സമയത്ത് കമ്പ്യൂട്ടറിൽ മിനിറ്റ്സ് രേഖപ്പെടുത്തിയാലും ആയത് സകർമയിലേക്ക് പകർത്തുവാൻ കഴിയുമായിരുന്നില്ല. തുടർന്ന് ഇന്റർനെറ്റ് ലഭ്യമായ സമയത്ത് മിനിറ്റ്സ് അടിയന്തരമായി ക്ലോസ് ചെയ്യേണ്ടിവരികയും ഈ തീരുമാനം ഉൾപ്പെടുത്തുവാൻ കഴിഞ്ഞതുമില്ല. തുടർന്ന് ബഹുമാനപ്പെട്ട പഞ്ചായത്ത് ഡയറക്ടർക്കും ഐ.കെ.എം. അധികാരികൾക്കും കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാലാണ് ടി തീരുമാനം സകർമ്മ സോഫ്റ്റ് വെയറിൽ ലഭിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ 12.10.2020 ൽ ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർക്ക്

നൽകിയിട്ടുള്ള കത്തിന്റെ പകർപ്പും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 25.02.2020 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ 13 അജണ്ടകളിലായി 25 തീരുമാനങ്ങൾ കൃത്യമായി സകർമ്മ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി കമ്മിറ്റി ക്ലോസ് ചെയ്തിട്ടുണ്ട്. ഇതിന്റെ ഇടയിലുള്ള 2(5) തീരുമാനം മാത്രം ഉൾപ്പെടുത്തുവാൻ വൈദ്യുതിയും ഇന്റർനെറ്റും ഇല്ലായിരുന്നു എന്ന മറുപടി യുക്തിസഹമല്ലാത്തതിനാൽ അംഗീകരിക്കുവാൻ കഴിയില്ല. മേൽകാരണങ്ങൾ പറഞ്ഞ് പഞ്ചായത്ത് ഡയറക്ടറെ തെറ്റിദ്ധരിപ്പിച്ച് തീരുമാനം പിന്നീട് ഉൾപ്പെടുത്തുവാനുള്ള ശ്രമമാണ് നടത്തുന്നത് എന്ന് സംശയിക്കേണ്ടിരിക്കുന്നു.

ടെണ്ടർ ക്ഷണിച്ചതിൽ (45/19) വട്ടവട മൾട്ടി അമിനിറ്റി ഹബ്ബിലേക്ക് ഫർണിച്ചർ, അനുബന്ധ സാധനങ്ങൾ, (149/19) വട്ടവട മൾട്ടി അമിനിറ്റി ഹബ്ബ് പ്രവർത്തന സജ്ജമാക്കൽ എന്നിവ യഥാക്രമം ₹464130/-, ₹338300/- എന്നിങ്ങനെ ടെണ്ടർ ഉറപ്പിച്ച് നൽകിയിരുന്നതാണ്. എന്നാൽ തുക നൽകിയപ്പോൾ രണ്ട് പദ്ധതികളുടെയും അടങ്കൽ തുക യഥാക്രമം ₹490000/- ₹450000/- എന്നിങ്ങനെ കരാറുകാരന് അനുവദിച്ചു നൽകി. ഇതിനാൽ കരാറുകാരന് ആകെ ₹137570/- (111700+25870) അധികമായി നൽകിയിട്ടുണ്ട്. ടി തുക തിരികെ പഞ്ചായത്തിൽ ഒടുക്കണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടറി 13.10.2020 ൽ കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ അടിസ്ഥാനത്തിൽ ടി തുക കരാറുകാരൻ ട്രഷറിയിൽ ഒടുക്കിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കുകയും ട്രഷറി ചെലാൻ പകർപ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ചെലാൻ പകർപ്പ് ട്രഷറിയിൽ നിന്നും പണം ഒടുക്കിയതിന് ശേഷം ലഭിക്കുന്ന ചെലാന്റെ മാതൃകയിൽ അല്ലാത്തതിനാൽ തുക ഒടുക്കിയത് സംബന്ധിച്ച് ട്രഷറിയിൽ നിന്നും സാക്ഷ്യപത്രം വാങ്ങി സമർപ്പിക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നത് വരെ ടി തുക നഷ്ടമായി കണക്കാക്കുന്നതാണ്. ട്രഷറിയിൽ നിന്നും സാക്ഷ്യപത്രം അടിയന്തരമായി ലഭ്യമാക്കിയില്ലെങ്കിൽ തുക സെക്രട്ടറിയിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

രണ്ട് പദ്ധതികളിലായി ജെ.ജെ.ഗ്രൂപ്പിന്റെ 27.03.2020 ലെ ഇൻവോയ്സ് നം. യഥാക്രമം DD-TI-36 ₹490000/- & DD-TI-36 ₹ 450000/- എന്നിങ്ങനെ ആകെ ₹940000/- യുടെ സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് 22.12.2021 പഞ്ചായത്ത് ജീവനക്കാരന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൌതിക പരിശോധനയുടെ വിവരം ചുവടെ ചേർക്കുന്നു.

മൾട്ടി അമിനിറ്റി ഹബ്ബിലേക്ക് വാങ്ങിയ സാധനങ്ങളിൽ ഒരു സെറ്റ് സോഫ മാത്രമാണ് അവിടെ സൂക്ഷിച്ചിട്ടുള്ളത്. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ഏതാനും ഇനങ്ങൾ മാത്രം സൂക്ഷിച്ചിട്ടുണ്ട്. ആകെ കണ്ടെത്തുവാൻ കഴിഞ്ഞ ഇനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

എ)

ക്രമ നം.	ഇനം	വില (നികുതി ഉൾപ്പെടെ) (₹)	ഇൻവോയ്സ് പ്രകാരമുള്ള എണ്ണം	ഭൌതിക പരിശോധനയിൽ കണ്ടെത്തിയ എണ്ണം	കുറവുള്ള എണ്ണം	നഷ്ടതുക (₹)
1	Television 32 Inch	24360	7	5	2	48720
2	Family Cot Bed	8732	2	0	2	17464
3	Bed Double Cot	8732	6	6	0	0
4	Bed Double Ducker Cot	9400	12	5	7	65800
5	Bed Sheet	840	20	7	13	10920
6	Kambily Good	1881.60	40	0	40	75264
7	Kambily Ordinary	1444.80	25	0	25	36120

8	Curtain Window	1531.64	55	0	55	84240
9	Mat	1207.48	25	0	25	30187
10	Solar Water Heater (1000 Ltr)	89250	2	0	2	178500
11	Table	8176	1	0	1	8176
12	Chair Plastic	649	5	0	5	3245
13	Alamara	12320	8	8	0	0
14	Sofa Set	27494	3	1	2	54988
15	Bucket	236	30	7	23	5428
16	Mug	106.20	30	5	25	2655
	ആകെ					621707

ഭൌതിക പരിശോധനാവേളയിൽ കണ്ടെത്തിയ താഴെ പറയുന്ന ഇനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന എം.ആർ.പി. (പരമാവധി വില) ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്ന വിലയേക്കാൾ വളരെ കുറവാണ്. ലഭ്യമാക്കിയ സാധനങ്ങൾ വളരെ ഗുണനിലവാരം കുറഞ്ഞവയാണെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇപ്രകാരം കുറഞ്ഞ എം.ആർ.പി. യുള്ള സാധനങ്ങൾ ലഭ്യമാക്കിയതിനാൽ താഴെ പറയുന്ന നഷ്ടം ഉണ്ടായിരിക്കുന്നു.

ബി)

ക്രമ നം.	ഇനം	വില (നികുതി ഉൾപ്പെടെ) (₹)	രേഖപ്പെടുത്തിയിട്ടുള്ള MRP	വ്യത്യാസം (₹)	ഇൻവോയ്സ് പ്രകാരമുള്ള എണ്ണം	ഭൌതിക പരിശോധനയിൽ കണ്ട എണ്ണം	കുറവുള്ള എണ്ണം	MRP യിൽ അധികരിച്ച ഉക നൽകിയതിൽ നഷ്ടം (₹) (5*7)
1	2	3	4	5	6	7	8	10
1	Television 32 Inch	24360	19900	4460	7	5	2	22300
5	Bed Sheet	840	160	680	20	7	13	4760
15	Bucket	236	110	126	30	7	23	882
16	Mug	106.20	24	82.20	30	5	25	411
	ആകെ							28353

സാധനങ്ങൾ ലഭിച്ചതായോ വിതരണം ചെയ്തതായോ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ലാത്ത സാഹചര്യത്തിൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളതിൽ കൂടുതൽ സാധനങ്ങൾ ലഭിച്ചു എന്ന് കരുതുവാൻ കഴിയില്ല. ആയതിനാൽ സപ്ലൈ ചെയ്യാത്ത മുകളിൽ പറഞ്ഞ ഇനങ്ങൾക്ക് (പട്ടിക എ&ബി) പണം കൊടുത്ത വകയിൽ പഞ്ചായത്തിന് ₹650060/- (₹621707+₹28353) യുടെ നഷ്ടം ഉണ്ടായിരിക്കുന്നു. ആയത് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് -19 കാലത്ത് ഡി.സി.സി. ആയി പ്രവർത്തിച്ചിരുന്നത് മൾട്ടി അമിനിറ്റി ഹബ്ബ് ആയിരുന്നതിനാൽ ടി കെട്ടിടത്തിൽ കുറവ് വന്ന സാധനങ്ങൾ എത്രയും വേഗം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഡി.ഡി.സി.ആയി പ്രവർത്തിച്ച പ്രസ്തുത കെട്ടിടത്തിൽ ആകെ ഒരു സെറ്റ് സോഫ മാത്രമാണ് ഇറക്കി വച്ചിട്ടുള്ളത്. ലഭ്യമായ മറ്റെല്ലാ സാധനങ്ങളും പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലും സ്റ്റോർറൂമിലും ആണെന്ന് ഓഡിറ്റ് വേളയിൽ നടത്തിയ ഭൌതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടതാണ്. ആയതിനാൽ സാധനങ്ങൾ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന മറുപടി അംഗീകരിക്കുവാൻ കഴിയില്ല.

റീ-ടെണ്ടർ നടത്തിയതിൽ ലഭിച്ച ഒലീവിയ ഹോം വേൾഡ് എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ അകാരണമായി നിരസിച്ചിരിക്കുന്നു, ടെണ്ടർ ഫോമിൽ ഒപ്പ് പോലും രേഖപ്പെടുത്താതെ സമർപ്പിച്ച ജെ.ജെ. ഗ്രൂപ്പിന്റെ ടെണ്ടർ അംഗീകരിച്ചിരിക്കുന്നു, സിഡ്കോ പോലുള്ള സ്ഥാപനങ്ങളുടെ ടെണ്ടറിൽ നിരക്ക് രേഖപ്പെടുത്തിയത് കാണുന്നില്ല തുടങ്ങിയ അപാകതകളും ടെണ്ടർ നടപടിയിൽ ഉണ്ടായിരിക്കുന്നു. തുടർന്നുള്ള വാങ്ങലുകളിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

വാങ്ങൽ നടപടികളിൽ ഇത്രമാത്രം അപാകതകൾ ഉണ്ടായതിനാൽ മൾട്ടി അമിനിറ്റി ഹബ്ബിലേക്ക് ₹940000/- ചെലവഴിച്ച് വാങ്ങൽ നടത്തിയെങ്കിലും ഫലത്തിൽ ടി സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ കാര്യമായ യാതൊന്നും ലഭിക്കാത്ത സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ ഏറ്റെടുത്ത പ്രവൃത്തി പരിപൂർണ്ണ പരാജയമായി മാറുകയും ചെയ്തു.

വാങ്ങൽ നടപടിക്രമങ്ങളിൽ ഉണ്ടായ ക്രമക്കേട് കാരണം കരാറുകാരന് അധികം നൽകിയ ₹137570/- യും പണം നൽകിയിട്ടും സപ്ലൈ ചെയ്യാത്ത സാധനങ്ങളുടെ വിലയായ ₹621707/- സപ്ലൈ ചെയ്ത സാധനങ്ങളുടെ എം.ആർ.പി. യിൽ അധികരിച്ച തുക നൽകിയത് മൂലം ഉണ്ടായ നഷ്ടം ₹ 28353/- ഉൾപ്പെടെ ആകെയുണ്ടായ നഷ്ടം ₹787630/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്. കൂടാതെ വാങ്ങൽ നടപടിയിൽ ഗുണനിലവാരമില്ലാത്ത സാധനങ്ങൾ ലഭിച്ചത് മുതലുള്ള മറ്റ് അപാകതകൾ പഞ്ചായത്ത് ഭരണസമിതി അന്വേഷിച്ച് ഉചിത നടപടി സ്വീകരിക്കേണ്ടതാണ്.

3-2 പഞ്ചായത്ത് ഓഫീസ് മേൽക്കൂരയിൽ സൌരോർജ്ജ പാനൽ സ്ഥാപിക്കൽ- പദ്ധതി പരിപൂർണ്ണ പരാജയം, കരാറുകാരന് ₹309988/- അധികം നൽകിയിരിക്കുന്നു.

പ്രോജക്ട്	87/21, പഞ്ചായത്ത് ഓഫീസ് മേൽക്കൂരയിൽ സൌരോർജ്ജ പാനൽ സ്ഥാപിക്കൽ
അടങ്കൽ	₹1404775/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
നിർവ്വഹണം	സെക്രട്ടറി
ചെലവ്	₹1404000/-
ബിൽ നം./തീയതി/ തുക	20100352015800197126/11.04.2020/₹468000/ 20100352015800197127/11.04.2020/₹468000/- 20100352015800329912/11.04.2020/₹468000/-

* ടെണ്ടർ പ്രകാരമുള്ള തുകയേക്കാൾ അധിക തുക കരാറുകാരന് നൽകിയതിനാൽ നഷ്ടം ₹309988/-

* ടെണ്ടർ ലഭിച്ച സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

* സോളാർ പാനൽ സ്ഥാപിച്ച് ഒന്നര വർഷം കഴിഞ്ഞിട്ടും പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

* കരാർ ഇല്ലാത്തതിനാൽ തുടർ നടപടി അസാദ്ധ്യം

* ₹1404000/- ചെലവഴിച്ച പദ്ധതി പരിപൂർണ്ണ പരാജയം

പഞ്ചായത്ത് ഓഫീസിന്റെ മേൽക്കൂരയിൽ സൌരോർജ്ജ പാനൽ സ്ഥാപിച്ച് പഞ്ചായത്ത് ഓഫീസിലെ വൈദ്യുതി ചെലവ് കുറയ്ക്കുക, അധിക വൈദ്യുതി കെ.എസ്.ഇ.ബി. യ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യത്തിൽ 10KV Grid Connected & 5kv Off Grid എന്ന രീതിയിൽ 15kv യുടെ പദ്ധതി ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്നതിനായി അനേർട്ട് എം പാനൽ ചെയ്ത പത്ത് സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിച്ചിരുന്നു. ലഭിച്ച നാല് ടെണ്ടറുകൾ സംബന്ധിച്ച് അനേർട്ട് ഇടുക്കി ജില്ലാ ഓഫീസറിൽ നിന്നും അഭിപ്രായം സ്വീകരിച്ച് താഴെ പറയും പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ പ്രോജൻ എനേർജി സൊലൂഷൻ എന്ന സ്ഥാപനത്തിന് പ്രവൃത്തി നിർവ്വഹിക്കുവാൻ അനുമതി നൽകുകയും

ചെയ്തിട്ടുണ്ട്.

Sl.No.	Company Name	Rate For 5 KV Off Grid	Rate For 10 KV Connected Ot Grid	Total	Remarks.
1	Alternate	580000	525000	1105000	
2	Mas Solar	-	-	1529000	
3	Progen Energy Solution	554957	539055	1094012	Lowest Tender
4	Kondaas	-	-	1535000	

മേൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പ്രോജൻ എനേർജി സൊല്യൂഷൻ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ടെണ്ടർ പ്രകാരം ആകെ തുക ₹1094012/- എന്നിരിക്കെ മുകളിൽ സൂചിപ്പിച്ച ബിൽ പ്രകാരം സ്ഥാപനത്തിന് ആകെ ₹1404000/- നൽകിയിരിക്കുന്നു. ഇത് പ്രകാരം ₹309988/- പഞ്ചായത്തിന് നഷ്ടമുണ്ടായിരിക്കുന്നു.

10 Kv വൈദ്യുതി കെ.എസ്.ഇ.ബി.ക്ക് നൽകുന്നതിനും 5kv പഞ്ചായത്ത് ഓഫീസിലേക്ക് ബന്ധിപ്പിക്കുന്നതിനുമായി നടപ്പാക്കിയ പ്രോജക്ടിൽ ടി രണ്ട് കാര്യവും നിർവ്വഹിച്ചിട്ടില്ല. സോളാർ പാനൽ സ്ഥാപിച്ചതിന് മുമ്പും ശേഷവും പഞ്ചായത്ത് കെ.എസ്.ഇ.ബി.യ്ക്ക് നൽകിവരുന്ന വൈദ്യുതി ഉപഭോഗ ബില്ലിലെ വിവരം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

ക്രമ നം	കാലയളവ്	വൈദ്യുതി ഉപഭോഗം
1	20.02.2019 To 16.04.2019	1716 Unit
2	13.102019 To 07.012.2019	1494 Unit
3	10.10.2021 To 11.12.2021	1417 Unit

മുകളിൽ സൂചിപ്പിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ സോളാർ പാനൽ യഥാവിധി സ്ഥാപിച്ചിട്ടില്ലയെന്ന് വ്യക്തമാണ്. മാത്രമല്ല വൈദ്യുതി കെ.എസ്.ഇ.ബി. യ്ക്ക് നൽകിയ വകയിൽ നാളിതുവരെ പഞ്ചായത്തിൽ യാതൊരു വരുമാനവും ലഭിച്ചിട്ടില്ല. സോളാർ പാനൽ യഥാവിധി സ്ഥാപിക്കുന്നതിന് മുമ്പ് പണം നൽകിയതിനാലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. 2020 മാർച്ച് മാസത്തിൽ സ്ഥാപിച്ച സോളാർ പാനൽ നാളിതുവരെ പ്രവർത്തന സജ്ജമാക്കിയിട്ടില്ലെന്നും ആയത് അടിയന്തിരമായി പ്രവർത്തന സജ്ജമാക്കണമെന്നും കാണിച്ച് സെക്രട്ടറി ഒരു വർഷത്തിന് ശേഷം 05.03.2021 ൽ A2-858/2021 നമ്പർ പ്രകാരം സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെടാത്തതിനാൽ മറ്റ് നിയമ നടപടി സ്വീകരിക്കാനും കഴിയാത്ത അവസ്ഥയാണ്. മേൽ അപാകതകൾക്ക് അടിയന്തിരമായി വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 23.12.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.14 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ പ്രോജൻ എനർജി സൊല്യൂഷൻ എന്ന സ്ഥാപനത്തിന് അധികമായി നൽകിയിട്ടുള്ള ₹309988/- തിരിച്ചടയ്ക്കുന്നതിന് കക്ഷിക്ക് കത്തുനൽകി തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കുന്നതാണെന്നും വൈദ്യുതി കെ.എസ്.ഇ.ബി.യ്ക്ക് നൽകുവാൻ കഴിയാത്തത് ടി സ്ഥാപനങ്ങൾ തമ്മിൽ സംയുക്ത പരിശോധന നടത്താത്തതിനാലാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി എന്ന് പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കുന്നതിന് മുമ്പ് പദ്ധതി പണം പൂർണ്ണമായും നൽകിയതിനാലും കരാർ ചമയ്ക്കാത്തതിനാലും പദ്ധതി പരിപൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. അധികമായി നൽകിയ തുക ₹309988/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്. ബാക്കി തുക താല്കാലികമായി തടസ്സപ്പെടുത്തുന്നു. പദ്ധതി പ്രവർത്തന സജ്ജമാക്കുവാൻ കഴിയാതെ വന്നാൽ പദ്ധതിക്കായി ചെലവഴിച്ച ബാക്കി തുകയായ ₹1094012/- വ്യക്തമായ നഷ്ടമായി കണക്കാക്കി ആയതുകൂടി സെക്രട്ടറിയിൽ നിന്നും

ഈടാക്കേണ്ടതാണ്.

3-3 ഖരമാലിന്യ സംസ്കരണം- പൊതു ഇടങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ- വാങ്ങൽ നടപടിയിലെ അപാകത, നഷ്ടം ₹152760/-

പ്രോജക്ട്	64/21, ഖരമാലിന്യ സംസ്കരണം- പൊതു ഇടങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ
അടങ്കൽ	₹250000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്
നിർവ്വഹണം	സെക്രട്ടറി
ചെലവ്	₹242760/-
ബിൽ നം./ തീയതി/ തുക	20100352015801358704/ 25.03.21/ ₹242760/-

ഖരമാലിന്യ സംസ്കരണം- പൊതു ഇടങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം 120 ലിറ്റർ സംഭരണ ശേഷിയുള്ള മൂന്ന് ബിന്നുകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിന് ₹24276/- നിരക്കിൽ 10 യൂണിറ്റുകൾ വാങ്ങുന്നതിന് തിരുവനന്തപുരം സിഡ്കോയ്ക്ക് 25.03.2021 ൽ ₹242760/-നൽകിയിട്ടുണ്ട്. നാല് യൂണിറ്റ് ഹരിതകർമ്മ സേന മുഖേന വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചതായി കാണുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 22.12.2021-ൽ പഞ്ചായത്ത് ജീവനക്കാരന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൌതിക പരിശോധനയിൽ പഞ്ചായത്ത് കെട്ടിടത്തിൽ രണ്ട് യൂണിറ്റ് സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തി. ബാക്കിയുള്ള നാല് യൂണിറ്റ് ഇനിയും ലഭിച്ചിട്ടില്ല. സാധനങ്ങൾ ലഭിച്ച് കഴിഞ്ഞതിന് ശേഷം മാത്രം പണം കൊടുക്കേണ്ടതിന് പകരം മുൻകൂർ പണം നൽകിയിരിക്കുന്നു. ഒന്നര വർഷത്തിന് ശേഷവും പൂർണ്ണമായി സാമഗ്രികൾ എത്തിച്ച് നൽകിയിട്ടില്ല. എന്നാൽ പഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൌതിക പരിശോധനയിൽ ആകെ ആറ് യൂണിറ്റ് മാത്രമേ ലഭിച്ചിട്ടുള്ളൂ എന്ന് കണ്ടെത്തിയതിന്റെ അടുത്ത ദിവസം നാല് യൂണിറ്റ് കരാറുകാരൻ എത്തിക്കുകയുണ്ടായി. പുതുതായി എത്തിച്ചത് ഉൾപ്പെടെ നിലവിൽ ആറ് യൂണിറ്റ് യഥാസ്ഥലങ്ങളിൽ സ്ഥാപിക്കാതെ പഞ്ചായത്ത് കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ട്. നിലവിൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആറ് യൂണിറ്റുകൾ നിശ്ചയിച്ച സ്ഥലങ്ങളിൽ അടിയന്തരമായി സ്ഥാപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മൂന്ന് ബിൻ ഉൾപ്പെടുന്ന ഒരു യൂണിറ്റിന് ഏകദേശം ₹9000/- മാത്രം പൊതു മാർക്കറ്റിൽ വിലയുള്ള അരിസ്റ്റോ വീൽ വേസ്റ്റ് ബിൻ 120 ലിറ്റർ എന്ന സാധനം ടെണ്ടർ ക്ഷണിക്കാതെയും പർച്ചേസ് കമ്മിറ്റി ചേരാതെയും തിരുവനന്തപുരം സിഡ്കോയ്ക്ക് മുൻകൂർ പണം നൽകി ഒരു യൂണിറ്റിന് ₹24276/- നിരക്കിൽ പത്ത് യൂണിറ്റ് വാങ്ങിയിരിക്കുന്നു. തന്മൂലം താഴെ പറയും പ്രകാരം ₹ 152760/- നഷ്ടം ഗ്രാമപഞ്ചായത്തിന് ഉണ്ടായിരിക്കുന്നു.

ഇനം	എണ്ണം	പൊതു മാർക്കറ്റിലെ വില (₹) (ഒരു യൂണിറ്റിന്)	വാങ്ങിയ വില (₹) (ഒരു യൂണിറ്റിന്)	അധികമായി നൽകിയ വില (₹)	10 യൂണിറ്റിന് ആകെ നഷ്ടം (₹)
അരിസ്റ്റോ വീൽ വേസ്റ്റ് ബിൻ 120 ലിറ്റർ	10 യൂണിറ്റ്	9000	24276	15276	152760

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 21.12.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 8 ന് ലഭ്യമാക്കിയ മറുപടിയിൽ 10 യൂണിറ്റുകളും ഇന്നത്തെ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതിനാലും കോവിഡ് മഹാമാരി കാലത്ത് മറ്റ് സ്ഥാപനങ്ങളിൽ നിന്നും ടി ഇനം ലഭ്യമാകാതിരുന്നതിനാലും, സാധനങ്ങളുടെ ദൌർലഭ്യം കണക്കിലെടുത്ത് വ്യാപാര സ്ഥാപനങ്ങൾ അധിക വില ഈടാക്കിയ സാഹചര്യത്തിൽ സർക്കാർ സ്ഥാപനമായ സിഡ്കോയിൽ നിന്ന് വാങ്ങുകയാണ് ഉണ്ടായതെന്നും

സർക്കാർ സ്ഥാപനമായതിനാൽ പൊതുമാർക്കറ്റിലെ വില താരതമ്യം ചെയ്തിരുന്നില്ലയെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് സാമ്പത്തിക വർഷം നടത്തിയ മിക്ക വാങ്ങലുകളും ടെണ്ടർ നടപടിയിൽ നിന്നും ഒഴിവാക്കി തിരുവനന്തപുരം സിഡ്കോയ്ക്ക് മുൻകൂർ പണം നൽകി നടത്തിയിരിക്കുന്നതും ആയതിൽ മിക്ക സാധനങ്ങളും ഒന്നര വർഷത്തിന് ശേഷം ഓഡിറ്റ് വേളയിൽ ആവശ്യപ്പെടുമ്പോൾ മാത്രം എത്തിക്കുകയും ചെയ്യുന്നത് സദുദ്ദേശ നടപടിയായി കാണാൻ കഴിയില്ല. മാത്രമല്ല ഇടുക്കി ജില്ലയുടെ തമിഴ് നാട് അതിർത്തിയിലുള്ള വട്ടവട പഞ്ചായത്തിലേക്ക് നടത്തിയ പല വാങ്ങലുകളും ടെണ്ടർ നടപടി ഒഴിവാക്കി തിരുവനന്തപുരത്തുള്ള സിഡ്കോയിൽ നിന്ന് നടത്തിയിരിക്കുന്നതിലും ദുരൂഹതയുണ്ട്. ആയതിനാൽ മറുപടി അംഗീകരിക്കുവാൻ കഴിയില്ല. ആയതിനാൽ നഷ്ടമായ തുക ₹152760/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

3-4 ഘടക സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- വാങ്ങിയ കമ്പ്യൂട്ടറിൽ രണ്ടെണ്ണം കാണാനില്ല, നഷ്ടം ₹105266/-

പ്രോജക്ട്	83/21, ഘടക സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ
അടങ്കൽ	₹271000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
നിർവ്വഹണം	സെക്രട്ടറി
ചെലവ്	₹263165/-
ബിൽ നം. /തീയതി / തുക	20100352015800056598/11.04.2020/₹263165/-

*ഘടക സ്ഥാപനങ്ങൾക്ക് വാങ്ങിയ അഞ്ച് കമ്പ്യൂട്ടറുകളിൽ മൂന്നെണ്ണം പഞ്ചായത്ത് ഓഫീസിൽ തന്നെ ഉപയോഗിക്കുന്നു.

* ഘടക സ്ഥാപനങ്ങൾക്ക് പുതിയത് എന്ന വ്യാജേന രണ്ട് പഴയ കമ്പ്യൂട്ടറുകൾ നൽകിയിരിക്കുന്നു.

* വാങ്ങിയ പുതിയ രണ്ട് കമ്പ്യൂട്ടറുകൾ കാണാനില്ല.

* കമ്പ്യൂട്ടറിന്റെ സ്റ്റോക്ക് രജിസ്റ്റർ യഥാവിധി പരിപാലിക്കാത്തതിനാൽ വാങ്ങുന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പഞ്ചായത്തിൽ തന്നെ ഉണ്ടെന്ന് ഉറപ്പാക്കുവാൻ കഴിയുന്നില്ല.

മേൽ പദ്ധതി പ്രകാരം ഘടകസ്ഥാപനങ്ങൾക്ക് നൽകുവാനായി അഞ്ച് കമ്പ്യൂട്ടർ വാങ്ങുന്നതിന് കമ്പ്യൂട്ടർ ഒന്നിന് ₹52633/- നിരക്കിൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബിൽ പ്രകാരം ₹263165/- കെൽട്രോണിന് നൽകിയിട്ടുണ്ട്. കെൽട്രോൺ ACER കമ്പനിയുടെ അഞ്ച് കമ്പ്യൂട്ടറുകൾ പഞ്ചായത്തിൽ എത്തിച്ചതായി ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ മൂന്ന് കമ്പ്യൂട്ടറുകൾ പഞ്ചായത്ത് ഓഫീസിൽ തന്നെ ഉപയോഗിക്കുന്നു. ബാക്കി രണ്ട് കമ്പ്യൂട്ടറുകളിൽ ഒന്ന് ഫാമിലി ഹെൽത്ത് സെന്റർ, വട്ടവടയ്ക്കും മറ്റൊന്ന് വട്ടവട വെറ്ററിനറി ആശുപത്രിക്കും നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 23.12.2021 ൽ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൌതിക പരിശോധനയിൽ പഞ്ചായത്തിൽ നിന്നും രണ്ട് സ്ഥാപനങ്ങളിലും നൽകിയിരിക്കുന്ന കമ്പ്യൂട്ടറുകളുടെ കവർ മാത്രം പുതിയതും കവറിനുള്ളിൽ നൽകിയത് പഴയ സി.പി.യു.വും മോണിട്ടറും ആണെന്ന് കണ്ടെത്തി. ഇത് ഗുരുതരമായ ക്രമക്കേടാണ്. നിലവിൽ ടി പദ്ധതി പ്രകാരം ഘടക സ്ഥാപനങ്ങൾക്ക് നൽകുവാൻ അഞ്ച്

കമ്പ്യൂട്ടർ വാങ്ങിയെങ്കിലും അതിൽ ഒന്നു പോലും ഘടക സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല എന്ന് മാത്രമല്ല വാങ്ങിയ അഞ്ച് കമ്പ്യൂട്ടറിൽ രണ്ടെണ്ണം നഷ്ടപ്പെട്ടിരിക്കുന്നു. പഞ്ചായത്തിൽ പുതിയ കമ്പ്യൂട്ടറുകൾ മൂന്നെണ്ണം സെക്ഷനുകൾക്ക് ഉപയോഗിക്കുവാനായി നൽകിയപ്പോൾ അവർ നിലവിൽ ഉപയോഗിച്ചുകൊണ്ടിരുന്ന കമ്പ്യൂട്ടറുകൾ എവിടെ എന്നും വ്യക്തമല്ല. അത് സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് 23.12.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 11 ന് ലഭ്യമാക്കിയ മറുപടിയിൽ ഘടക സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി വാങ്ങിയ കമ്പ്യൂട്ടറുകൾ ഉടൻ തന്നെ ടി സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി പ്രകാരം വാങ്ങിയ രണ്ട് കമ്പ്യൂട്ടറുകൾ പഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ കണ്ടെത്താൻ കഴിയാതെ വരികയും രണ്ട് ഘടക സ്ഥാപനങ്ങൾക്ക് പുതിയ കമ്പ്യൂട്ടർ എന്ന നിലയിൽ രണ്ട് പഴയ കമ്പ്യൂട്ടർ നൽകിയതും യാദൃശ്ചികമായി കരുതുവാൻ കഴിയില്ല. ആയതിനാൽ നഷ്ടപ്പെട്ട രണ്ട് കമ്പ്യൂട്ടറിന്റെ വിലയായ ₹105266/- (52633x2) ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്. കൂടാതെ കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിലുണ്ടായ ക്രമക്കേട് സംബന്ധിച്ച് ഭരണതല അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടതാണ്.

3-5 വട്ടവട ജി.എൽ.പി.എസ്. സ്മാർട്ട് ക്ലാസ് മുറി- സപ്ലൈ ചെയ്യാത്ത ഇനത്തിന് പണം നൽകി, നഷ്ടം ₹ 17490/-

പ്രോജക്ട്	72/21, വട്ടവട ജി.എൽ.പി.എസ്. സ്മാർട്ട് ക്ലാസ് മുറി
അടങ്കൽ	₹200000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
നിർവ്വഹണം	സെക്രട്ടറി
ചെലവ്	₹199000/-
ബിൽ നം. /തീയതി /തുക	20100352015800197124/11.04.2020/ ₹199000/-

മേൽ പദ്ധതി പ്രകാരം വട്ടവട ജി.എൽ.പി. സ്കൂളിൽ സ്മാർട്ട് ക്ലാസ് മുറി തയ്യാറാക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, എറണാകുളം എന്ന സ്ഥാപനത്തെ ടെണ്ടർ കൂടാതെ നേരിട്ട് ചുമതലപ്പെടുത്തുകയും സ്ഥാപനത്തിന്റെ 26.02.2020 ലെ ഇൻവോയ്സ് നം. CHNBC0000183 പ്രകാരം ₹199000/- യുടെ സാധന സാമഗ്രികൾ സപ്ലൈ ചെയ്തതിന്/ സ്ഥാപിച്ചതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വേളയിൽ 22.12.2021 ന് അദ്ധ്യാപകരുടെ സാന്നിദ്ധ്യത്തിൽ സ്കൂളിൽ നേരിട്ട് പരിശോധന നടത്തിയതിൽ ₹ 17490/- വില രേഖപ്പെടുത്തിയിട്ടുള്ള Cybernetics Document Camera എന്ന ഇനം സ്കൂളിൽ സ്ഥാപിച്ചിട്ടില്ലയെന്ന് ബോധ്യപ്പെട്ടു. പ്രസ്തുത ഇനം സ്ഥാപനം സ്കൂളിൽ നൽകിയിട്ടില്ല എന്ന് പരിശോധനാ വേളയിൽ ഹാജരുണ്ടായിരുന്ന ടീച്ചർ ഇൻ-ചാർജ് രേഖാമൂലം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 21.12.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 6 ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനം സാധനങ്ങളെല്ലാം നൽകിയിട്ടുള്ളതാണ് എന്നും അന്ന് ചുമതലയിൽ ഉണ്ടായിരുന്ന അദ്ധ്യാപകന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പൂർണ്ണമായും തുക നൽകിയിട്ടുള്ളതെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത മറുപടി ലഭിച്ചതിന് ശേഷം ഫയൽ ഒന്നുകൂടി പരിശോധിച്ചപ്പോൾ ഇപ്രകാരം ഒരു റിപ്പോർട്ട് അദ്ധ്യാപകന്റെ ഭാഗത്തുനിന്നും ലഭിച്ചിട്ടില്ല എന്ന് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. ആയതിനാൽ സെക്രട്ടറിയുടെ വസ്തുതാവിരുദ്ധമായ മറുപടി അംഗീകരിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ സപ്ലൈ ചെയ്യാത്ത ഇനത്തിന് തുക അനുവദിച്ച വകയിൽ ₹ 17490/- യുടെ നഷ്ടം ഉണ്ടായിട്ടുള്ളത് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2020-21	വാർഷിക ഓഡിറ്റിനൊപ്പം പരിശോധിച്ചു	-

4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹27400000/-വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹
				മുതൽ	പലിശ	
ലൈഫ് പദ്ധതി	ലഭ്യമല്ല	₹27400000	78284130	7122291	-	₹98561839/-

വിവിധ ജി.ഒ. പ്രോജക്ടുകൾ ലൈഫ് ഭവനപദ്ധതി വായ്പയിനത്തിൽ തിരിച്ചടച്ച തുക ₹6512091/- യാണ്. വാർഷിക കണക്ക് ട്രയൽ ബാലൻസ് പ്രകാരമുള്ള തിരിച്ചടവ് ₹7122291/- യാണ്. വായ്പ രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ലാത്തതിനാൽ വായ്പ തിരിച്ചടവിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. വാർഷിക കണക്കു പ്രകാരമുള്ള തുകയാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1996-97	2-19, 3-28, 3-29, 3-30,	2000-01	4-39	വ്യാപകമായ തോതിൽ പണാപഹരണം	ലഭ്യമല്ല

	3-31, 3-32, 3-34, 3-35, 3-37, 3-38, 3-39, 3-40				
1997-98	3-26	2000-01	4-40	വ്യാജരേഖ ചമച്ച് പണാപഹരണം	ലഭ്യമല്ല
1997-98	3-31	2000-01	4-40 ബി	കിടാരി വിതരണം പദ്ധതിയിൽ ക്രമക്കേട്	ലഭ്യമല്ല
1998-99	20ബി	2002-03	VII 6-12	ചെക്ക് ലീഫ് മോഷ്ടിച്ച് ധനാപഹരണം	ലഭ്യമല്ല
2000-01	20ബി, 26,27	2003-04	VII 6-12	പഞ്ചായത്ത് ഫണ്ടിൽ നിന്നും പണാപഹരണം	ലഭ്യമല്ല
2001-02	2-15	2005-06	31-1	റോഡ് നിർമ്മാണം – വ്യാജരേഖ ചമച്ച് തുക പിൻവലിച്ചു	ലഭ്യമല്ല
2014-15	2-3	2016-17	അനുബന്ധം-3	വസ്തുനികുതി അപാകതകൾ	ലഭ്യമല്ല
2015-16	2-2	2016-17	അനുബന്ധം-4	വസ്തുനികുതി അപാകതകൾ	ലഭ്യമല്ല
2015-16	2-3	2016-17	അനുബന്ധം-5	തൊഴിൽനികുതി അപാകതകൾ	ലഭ്യമല്ല
-	-	2017-18	അധ്യായം-6	ഭൂമി ശാസ്ത്രപരമായും പാരിസ്ഥിതികമായുമുള്ള വിഭിന്ന സാഹചര്യങ്ങളാൽ സാമ്പത്തിക പരാധീനത നേരിടുന്ന ഗ്രാമപഞ്ചായത്തുകളിൽ പരിശോധന നടത്തിയതിന്റെ ഫലങ്ങൾ	ലഭ്യമല്ല
2018-19	1-18	2019-20	3-1 ഇടുക്കി	വട്ടവട മാതൃകാ ഗ്രാമം –	തൽസ്ഥിതി

			ജില്ല	അപാകതകൾ	തുടരുന്നു

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ്	:	₹25431208
ഓഡിറ്റ് വർഷത്തെ വരവ്	:	₹107499584
ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	₹132930792
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	₹119834610
ഓഡിറ്റ് വർഷത്തെ നീക്കിയിരിപ്പ്	:	₹13096182
വരവിനങ്ങളിലുള്ള നഷ്ടം	:	₹56700
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	₹1373134
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	₹1693772

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക ₹		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-1	56700	-	ശ്രീ. ആർ.നന്ദകുമാർ, സെക്രട്ടറി
3-1	-	787630	ശ്രീ. ആർ.നന്ദകുമാർ, സെക്രട്ടറി
3-2	-	309988	ശ്രീ. ആർ.നന്ദകുമാർ, സെക്രട്ടറി
3-3	-	152760	ശ്രീ. ആർ.നന്ദകുമാർ, സെക്രട്ടറി
3-4	-	105266	ശ്രീ. ആർ.നന്ദകുമാർ, സെക്രട്ടറി
3-5	-	17490	ശ്രീ. ആർ.നന്ദകുമാർ, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-14	1094012	ശ്രീ ആർ നന്ദകുമാർ, സെക്രട്ടറി
1-18	599760	ശ്രീ ആർ നന്ദകുമാർ, സെക്രട്ടറി

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ ആർ നന്ദകുമാർ, സെക്രട്ടറി	സെക്രട്ടറി , വട്ടവട ഗ്രാമപഞ്ചായത്ത്	TC20/672/2 ശ്രീരംഗം പെരപ്പൂർ, മുക്കോലക്കൽ പി ഒ തിരുവനന്തപുരം

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1964-1965 1977-1978	എൽ.എഫ്.ഐ5/297/ 82/08.07.82		
1978-1979 1979-1980	എൽ.എഫ്.ഐ-5/429/81/ 08.08.82		
1980-1981	എൽ.എഫ്.ഐ-5/645/82/ 20.09.82		
1981-1982	എൽ.എഫ്.ഐ-6/937/84/ 03.01.85		
1982-1983 1983-1984	എൽ.എഫ്.ഐ7/316/ 86/12.01.86		
1984-1985	എൽ.എഫ്.ഐ-7/1069/ 88/28.01.89		

1985-1986	എൽ.എഫ്.ഐ-7/1070/ 88/28.01.89		
1986-1987	എൽ.എഫ്.ഐ-7/229/ 90/11.04.90		
1987-1988	എൽ.എഫ്.ഐ-7/359/ 91/11.07.91		
1988-1989 1991-1992	എൽ.എഫ്.ഐ-6/616/ 93/24.03.91		
1992-1993	എൽ.എഫ്.ഐ-7/364/ 95/07.09.95		
1996-1997	എൽ.എഫ്.ഐ-9/683/ 2000/02.01.2001	15	19, 20, 24, 25, 28, 29, 30, 33, 34, 36-40, 42
1997-1998	എൽ.എഫ്.ഐ-9/684/ 2000/02.01.2001	9	12, 13, 21, 26-31
1998-1999	എൽ.എഫ്.ഐ-9/264/ 2002/10.06.2002	12	13, 14, 20എ, ബി, 24, 25, 27, 28, 33, 38, 41, 42
1999-2000	എൽ.എഫ്.ഐ-9/403/ 2002/24.08.2002	8	13, 14, 22-27
2000-2001	എൽ.എഫ്.ഐ-9/199/ 2003/10.03.2003	12	13, 14, 23-32
2001-2002	എൽ.എഫ്.ഐ-9/342/ 2005/05.11.2005	7	29-9, 2-10, 2-12, 2-14, 2-16 To 2-18
2002-2003	എൽ.എഫ്.ഐ-9/343/ 2005/05.11.2005	6	2-6, 2-9, 2-10, 2-11, 2-12, 3-1
2003-2004	എൽ.എഫ്.ഐ-9/75/ 2007/07.03.2007	6	2-2, 2-3 - 2-7

2004-2005	എൽ.എഫ്.ഐ-9/206/ 2007/07.03.2007	8	2-1, 2-2, 2-3, 3-1 To 3-5
2005-2006	എൽ.എഫ്.ഐ-9/946/ 2007/27.05.2008	5	2-1, 2-2, 2-4, 2-6, 3-7
2006-2007	എൽ.എഫ്.ഐ-9/213/ 2009/08.09.2009	6	2-1, 2-2, 2-3, 2-5, 3-1, 3-2
2007-2008	എൽ.എഫ്.ഐ-14/78/ 12/25.03.12	9	2-2, 3-1 മുതൽ 3-8 വരെ
2008-2009	എൽ.എഫ്.ഐ-14/1001/ 14/24.01.15	11	2-2, 3-2, 3-3, 3-5 മുതൽ 3-12 വരെ
2009-2010	എൽ.എഫ്.ഐ-14/1233/ 2011/27.12.12	15	2-1, 2-3, 3-1, 3-3 മുതൽ 3-13
2010-2011	എൽ.എഫ്.ഐ-14/905/ 14/08.02.15	21	2-1, 2-4, 3-1 മുതൽ 3-16 വരെ 2-18
2011-2012	എൽ.എഫ്.ഐ-14/905/ 14/08.02.15	21	2-1, 2-4, 3-1 മുതൽ 3-16, 2-18
2012-2013	എൽ.എഫ്.ഐ-14/1439/ 15/31.12.15	9	3-1 മുതൽ 3-9 വരെ
2013-2014	എൽ.എഫ്.ഐ-14/1439/ 15/31.12.15	9	3-1 മുതൽ 3-9 വരെ
2014-2015	എൽ.എഫ്.ഐ-14/157/ 17/13.02.17	6	2-1 മുതൽ 2-3 വരെ 3-1 മുതൽ 3-3 വരെ
2015-2016	കെ.എസ്.എ.ഐ.ഡി.കെ-6/508/17 /19.04.17	7	2-1,2-3 2-1 മുതൽ 2-3 വരെ 3-1 മുതൽ 3-4 വരെ
2016-2017	കെ.എസ്.എ.ഐ.ഡി.കെ-6/289/18	14	2-1 മുതൽ 2-3 വരെ

	/12.03.18		3-1 മുതൽ 3-10 വരെ 3-12
2017-18	കെ.എസ്.എ-ഐ.ഡി.കെ-06/686/19 തീ:09.07.2019	23	1-12, 2-1 മുതൽ 2-7 വരെ 3-1 മുതൽ 3-13 വരെ, 4-7 & 4-10
2018-19	കെ.എസ്.എ-ഐ.ഡി.കെ-06/1008/19 തീ:16.12.2019	19	1-9, 1-11 മുതൽ 1-23 വരെ, 1-25, 1-26, 1-27, 3-1, 4-8, 4-11

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്